# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഏലിയാ -സ്ലീവാ -മൂശെ -പള്ളിക്കൂദാശ ലക്കം


2011



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്

# "ഇതാകുന്നു ദൈവഹിതം നിങ്ങളുടെ വിശുദ്ധീകരണം"


(1 തെസ 4,3).



**ദൈവദാസൻ
ബിഷപ് വില്യം ജകീന്താ**

"തിരുസ്സഭയ്ക്ക് പുറത്തുനിന്ന് നീതിമാനാകുന്നതിനേക്കാൾ നല്ലത് തിരുസ്സഭയോടുകൂടി തെറ്റുപറ്റുകയാണ്". സഭയോടുകൂടി ആയിരിക്കുക എന്ന തന്റെ വലിയ ആഗ്രഹത്തിന്റെ പ്രകാശനമാണ് ഈ പിതൃമൊഴി. സഭയെ സ്നേഹിച്ച് സഭയോടൊത്ത് ജീവിച്ച ഒരു പുണ്യാത്മാവായിരുന്നു ദൈവദാസൻ ബിഷപ് വില്യം ജകീന്താ പിതാവ്. തിരുസ്സഭയുടെ എല്ലാ ക്രമങ്ങളോടും വിശ്വസ്തതയും, അധികാരികളോട് അങ്ങേയറ്റം വിധേയത്വവും സഹകരണവും കാണിക്കുകയും ചെയ്ത ഒരു വന്ദ്യപിതാവ്. താൻ ആയിരിക്കുന്ന ലത്തീൻ സഭയെ സ്നേഹിച്ചതുപോലെ തന്നെ മറ്റു സഭകളേയും പൂർണ്ണമായും ഉൾക്കൊള്ളുന്നതിനും സ്നേഹിക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അതിനൊരുദാഹരണമാണ് താൻ സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ടുകൾ ലത്തീൻറീത്തിൽപെട്ടതായിരുന്നിട്ടുപോലും തന്റെ മക്കളെല്ലാവരും ആ റീത്തിൽ തന്നെയായിരിക്കണമെന്ന് ശഠിച്ചില്ല എന്നത്. അദ്ദേഹത്തിന്റെ ഹൃദയവിശാലതയാണ് - സാർവ്വത്രികസ്നേഹമാണ് അദ്ദേഹം സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ടുകൾ സീറോ മലബാർ സഭയിൽ സ്ഥാപിതമാകാൻ ഇടയായത്. അത് സാർവ്വത്രികസഭയെ അതിലെ പ്രത്യേക വ്യക്തിസഭകളോടുകൂടി സ്നേഹിച്ചിരുന്നു എന്നതിന്റെ തെളിവാണ്. ഓരോ സഭയുടെയും ഏറ്റവും നിസ്സാരമായ പ്രത്യേകതകൾ പോലും പാലിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. എല്ലാവരെയും വിശുദ്ധിയിലേക്ക് നയിക്കുകയെന്ന സഭയുടെ പ്രവർത്തനങ്ങളിൽ പങ്കുചേർന്നുകൊണ്ട് തിരുസ്സഭയോടുള്ള ബന്ധം തീക്ഷ്ണതയിലും സന്തോഷത്തിലും ജീവിച്ച ഒരു വ്യക്തിയാണ് ജകീൻതാപിതാവ്.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 3 ഏലിയാ-സ്ലീവാ-മൂശെ-പള്ളിക്കൂദാശ ലക്കം


"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).


സ്പിരിച്ചൽ ഡയറക്ടർ:
**റവ. ഫാ. മാത്യു വെള്ളാനിക്കൽ**

ചീഫ് എഡിറ്റർ:
**ഷിനി മുതുപ്ലാക്കൽ എ.ഒ.**

എഡിറ്റോറിയൽ ബോർഡ്:
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**റ്റെസി കറുകപ്പറമ്പിൽ എ.ഒ.**
**ഷീലമ്മ പൂതക്കുഴി എ.ഒ**

അഡ്വൈസറി ബോർഡ്:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

സർക്കുലേഷൻ മാനേജർ:
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**



**വാർഷിക വരിസംഖ്യ -50/-**

ലേഔട്ട് & പ്രിന്റിങ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി.ഒ.,**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: prosanctity@gmail.com**


## ഉള്ളടക്കം


- സെനക്കിളും മിശിഹാരഹസ്യവും 3
- മാമ്മോദീസ: ദൈവപുത്രത്വത്തിലേക്കുള്ള വിളി 5
- ദൈവിക സംഭാഷണത്തിന്റെ സവിശേഷത 10
- ടൂറിസത്തിന്റെ പിന്നാമ്പുറങ്ങൾ 12
- പ്രാർത്ഥന ജീവിതമാക്കി... 14
- മോളി മാത്യു തിരക്കിലാണ് 17
- പഴയനിയമഗ്രന്ഥങ്ങളിലൂടെ... 19
- ദൈവത്തിന്റെ വഴികളിലൂടെ പോകാം... ജീവന്റെ കിരീടം നേടാം 21
- എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ടു ഞാൻ നിന്നെ ഉപേക്ഷിച്ചു 24
- ജീവിതം ആസ്വദിക്കാനുള്ളതോ 26
- നീ നിലം പാഴാക്കുന്നുവോ 28
- വിശുദ്ധി സ്നേഹമാണ് "ദൈവം സ്നേഹമാണ്" 30
- അസ്തമിക്കുന്ന യാഥാർത്ഥ്യങ്ങൾ 31



എഡിറ്റോറിയൽ



# പിതാവിന്റെ കരങ്ങളിൽ

"മക്കൾക്ക് നല്ലതുമാത്രം നല്കാൻ ആഗ്രഹിക്കുന്ന സ്വർഗ്ഗീയപിതാവിന്റെ കരങ്ങളിലാണ് നാം എന്ന വിശ്വാസം ആശ്വാസമായി മാറണം. സ്വർഗ്ഗീയജീവിതത്തിന്റെ മുന്നാസ്വാദനമായി അപ്പോൾ ജീവിതം രൂപാന്തരപ്പെടും."

മിശിഹായുടെ രണ്ടാമത്തെ ആഗമനം, സ്ലീവായുടെ അന്തിമവിജയം, അവസാനവിധി, മഹത്ത്വീകൃതയായ സ്വർഗ്ഗീയസഭ തുടങ്ങിയ വിശ്വാസരഹസ്യങ്ങൾ ധ്യാന വിഷയമാക്കുന്ന ഏലിയാ-സ്ലീവാ-മൂശെക്കാലത്തിലേക്കും പള്ളിക്കൂദാശാക്കാലത്തിലേക്കും നാം പ്രവേശിക്കുകയാണ്.

വിശ്വാസരഹസ്യങ്ങളുടെ ആഘോഷവും അനുദിനജീവിതകർമ്മങ്ങളും വിരുദ്ധ ധ്രുവങ്ങളിൽ നില്ക്കേണ്ടവയല്ല.

ജീവിതം ഒന്നേയുള്ളൂ; അത് ആസ്വദിക്കാനുള്ളതാണ് എന്ന ചിന്തയിൽ സകല ആഭാസങ്ങളും കാട്ടിക്കൂട്ടുന്നവരും, എല്ലാം നേടിയെടുക്കാനും കീഴടക്കാനും വെട്ടിപ്പിടിക്കാനും വെമ്പൽകൊള്ളുന്നവരും ആത്മീയതയുടെ പാവനമായ പാത പാഴാണെന്നു പഴിക്കും. എന്നാൽ, ലോകം നല്കുന്ന സന്തോഷം നൈമിഷികമാണെന്നും ലോകം മുഴുവനും നേടിയാലും ആത്മാവു നഷ്ടപ്പെട്ടാൽ ഒരു ഫലവുമില്ലെന്നും ആരാധനാവത്സരത്തിലെ ഈ കാലഘട്ടം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഭൗതികതയുടെ അതിപ്രസരത്താൽ ആത്മീയതയുടെ പ്രസരിപ്പ് നഷ്ടപ്പെടുത്തുന്നവരും, ദൈവത്തിൽ വിശ്വാസമില്ലാതെയും പ്രത്യാശയർപ്പിക്കാതെയും തങ്ങളുടെ ദുഃഖദുരിതങ്ങളുടെ ഭാരമേറിയ ഭാണ്ഡക്കെട്ടുകൾ സ്വയംചുമന്ന് വിധിയെ പഴിച്ച് ജീവിതം പാഴാക്കുന്നവരുമൊക്കെ നമ്മുടെയിടയിലും നമുക്കു ചുറ്റിലുമുണ്ട്. കുരിശ് ഭോഷത്തമായിത്തോന്നിയാലും അന്തിമവിജയം എപ്പോഴും കുരിശിനും കുരിശിലൂടെയുമാണെന്നോർക്കുക...

മക്കൾക്ക് നല്ലതുമാത്രം നല്കാൻ ആഗ്രഹിക്കുന്ന സ്വർഗ്ഗീയ പിതാവിന്റെ കരങ്ങളിലാണ് നാം എന്ന വിശ്വാസം ആശ്വാസമായി മാറണം. സ്വർഗ്ഗീയജീവിതത്തിന്റെ മുന്നാസ്വാദനമായി അപ്പോൾ ജീവിതം രൂപാന്തരപ്പെടും. പിതാവിന്റെ കരങ്ങളിൽ ശാന്തമായിരിക്കുന്ന ഒരു കുഞ്ഞിന്റെ മനോഭാവത്തോടെ ദൈവത്തിൽ ആശ്രയിക്കുവാനും, ദൈവത്തിൽ എത്തിച്ചേരുക എന്ന ലക്ഷ്യം മറക്കാതെ അതിനുവേണ്ടി യത്നിക്കുവാനും ഈ കാലഘട്ടം ഒരവസരമാകട്ടെ.

**ഷിനി മുതുപ്ലാക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സെനക്കിൾ ആദ്ധ്യാത്മികത - 3



# സെനക്കിളും മിശിഹാരഹസ്യവും

ഡോ. മാത്യു വെള്ളാനിക്കൽ

മിശിഹാ, ചരിത്രത്തിൽ ജനിച്ച് ജീവിച്ച് മരിച്ച് ഉത്ഥാനംചെയ്ത് സ്വർഗ്ഗീയ പിതാവിന്റെ പക്കലേക്ക് ആരോഹണം ചെയ്ത ഒരു വ്യക്തിയാണ്. ഈ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള വ്യക്തമായ ബോദ്ധ്യം ഈശോയ്ക്കുണ്ടായിരുന്നു. അന്ത്യത്താഴവേദിയായ സെനക്കിളിലേക്കു പ്രവേശിക്കുന്ന സന്ദർഭത്തിൽ ഇത് വ്യക്തമാക്കപ്പെടുന്നുണ്ട്: "ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് ഈശോ അറിഞ്ഞു" (യോഹ 13,1). ഇതുപോലെ മറ്റൊരു പ്രസ്താവനയും നാം കാണുന്നുണ്ട്: "താൻ ദൈവത്തിൽനിന്നു വരികയും ദൈവത്തിലേക്കു പോകുകയും ചെയ്യുന്നുവെന്നും ഈശോ അറിഞ്ഞു" (യോഹ 13,3). ഇങ്ങനെ വ്യക്തിപരമായ ഒരു ജീവിതം ഈശോയിൽ നാം കാണുന്നുണ്ടെങ്കിലും അവിടുത്തെ പൂർണ്ണമായ രൂപം ഈ വ്യക്തിപരമായ യാഥാർത്ഥ്യത്തിൽ ഒതുക്കാവുന്നതല്ല. ഈശോ ഒരു സംഭവമാണ്. ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിൽ നിർണ്ണായകമായ ഒരു സംഭവമാണ് ഈശോയുടെ ജീവിതവും മരണവും ഉത്ഥാനവും. ഇതിനെയാണ് നാം മിശിഹാസംഭവം അഥവാ മിശിഹാരഹസ്യം എന്ന് വിശേഷിപ്പിക്കുക. മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി പിതാവായ ദൈവം പ്രാവർത്തികമാക്കിയ രക്ഷാപദ്ധതിയിലെ നിർണ്ണായകമായ സംഭവമാണ് മിശിഹാരഹസ്യം; അവിടുത്തെ രക്ഷാപദ്ധതിയുടെ പൂർത്തീകരണമാണ് മിശിഹാരഹസ്യം. ഈ മിശിഹാരഹസ്യം അതിന്റെ തനിമയിൽ അനാവരണം ചെയ്യപ്പെട്ട വേദിയാണ് സെനക്കിൾ.

## ദൈവസ്നേഹത്തിന്റെ രഹസ്യം

മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി പദ്ധതി ആവിഷ്കരിച്ച് അത് തന്റെ പുത്രനായ മിശിഹായിലൂടെ പൂർത്തിയാക്കാൻ പിതാവായ ദൈവത്തെ പ്രേരിപ്പിച്ചത് മനുഷ്യരോടുള്ള അവിടുത്തെ സ്നേഹമാണ്. ഈ സ്നേഹത്തെയാണ് നാം 'മാക്സിമലിസം' അഥവാ 'പരമാവധി സ്നേഹം' എന്നു വിശേഷിപ്പിക്കുന്നത്. ഇതെപ്പറ്റിയാണ് ക്രിസ്തീയവിശ്വാസത്തിന്റെ വിഷയത്തെ അവതരിപ്പിച്ചുകൊണ്ട് ഈശോ ഇപ്രകാരം പറയുന്നത്: "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). ലോകത്തെ അഥവാ മനുഷ്യനെ തന്റെ സ്വന്തമായി കരുതി തരാവുന്നതിന്റെ പരമാവധി തന്നുകൊണ്ട്, തന്റെ ഏകപുത്രനെത്തന്നെ തന്നുകൊണ്ട്, ദൈവം സ്നേഹിച്ചു. ദൈവത്തിന്റെ ഈ സ്നേഹമാണ് സെനക്കിളിൽ വെളിപ്പെടുത്തപ്പെട്ടത്. ഇതെപ്പറ്റിയാണ് സെന

ക്കിൾ രംഗത്തിനു മുഖവുരയായി യോഹന്നാൻ ശ്ലീഹാ ഇപ്രകാരം പറയുന്നത്: "ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് ഈശോ അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു. അവസാനം വരെ സ്നേഹിച്ചു" (യോഹ 13,1). ലോകത്തിൽ, മനുഷ്യരുടെയിടയിൽ, പ്രവർത്തനനിരതമാകേണ്ട ഈ ദൈവസ്നേഹത്തിന്റെ രഹസ്യമാണ് മിശിഹാരഹസ്യം.

**ഈശോയും ശിഷ്യരും തമ്മിലുള്ള സ്നേഹം**

ദൈവസ്നേഹത്തിന്റെ ഈ രഹസ്യം ആദ്യം അനാവരണം ചെയ്യപ്പെട്ടത് ഈശോയും ശിഷ്യരും തമ്മിലുള്ള ബന്ധത്തിലാണ്. ശിഷ്യരുടെ പാദങ്ങൾ കഴുകിക്കൊണ്ട് അവരോടുള്ള സ്നേഹം ഈശോ പ്രകടമാക്കി. 'പാദം കഴുകൽ' ഈശോയുടെ മരണത്തെ സൂചിപ്പിക്കുന്ന ഒരു പ്രവൃത്തിയാണ്. ഇത് ഈശോയും ശിഷ്യരും തമ്മിലുള്ള സംഭാഷണത്തിൽനിന്നും വ്യക്തമാകുന്നുണ്ട്. പാദം കഴുകുന്നതിനോട് വിയോജിപ്പു പ്രകടിപ്പിച്ച ശിമയോനോട് ഈശോ പറയുന്നു: "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല" (യോഹ 13,8). 'പങ്ക്' എന്നതിന് 'മേറോസ്' എന്ന വാക്കാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം 'അവകാശം' എന്നാണ്. പഴയനിയമത്തിൽ ഇസ്രായേലിന് അവകാശമായി ലഭിച്ച വാഗ്ദാനഭൂമിയെ സൂചിപ്പിക്കുന്ന ഒരു വാക്കാണിത്. പഴയനിയമവാഗ്ദാനഭൂമി പുതിയനിയമത്തിൽ 'നിത്യജീവന്റെ' മുൻസൂചനയാണ്. ഈശോയുടെ മരണത്തിലൂടെയാണ് നമുക്ക് നിത്യജീവൻ അവകാശമായി ലഭിക്കുക. അതുകൊണ്ട് ഈശോയുടെ പാദം കഴുകൽ അവിടുത്തെ മരണത്തെ മുൻകൂട്ടി സൂചിപ്പിക്കുന്നു. ജീവൻ ത്യജിച്ചുകൊണ്ട് മനുഷ്യനെ പരമാവധി സ്നേഹിക്കുന്ന ഈശോയെയാണ് ഇവിടെ യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുക. തന്റെ പരമാവധി സ്നേഹത്തെപ്പറ്റി ഈശോ പറയുന്നു: "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15,13).

**ശിഷ്യർ തമ്മിലുള്ള പരസ്പരസ്നേഹം**

പാദം കഴുകിയതിനുശേഷം ശിഷ്യരെ ഉപദേശിച്ചുകൊണ്ട് ഈശോ പറയുന്നു: "നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം" (യോഹ 13,14). തന്റെ ജീവൻ നല്കി ശിഷ്യരെ സ്നേഹിച്ച ഈശോയുടെ പരമാവധിസ്നേഹം തന്റെ ശിഷ്യരും പരസ്പരം കൊടുക്കണമെന്ന് അവിടുന്ന് ആവശ്യപ്പെടുകയാണ്. ഇതുതന്നെയാണ് പുതിയനിയമകല്പനയായി പിന്നീട് ഈശോ ശിഷ്യർക്ക് നല്കുന്നത്: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34-35). ഈശോമിശിഹായിലൂടെ ദൈവം വെളിപ്പെടുത്തിയ അവിടുത്തെ പരമാവധിസ്നേഹത്തിന്റെ രഹസ്യം ശിഷ്യരുടെ ജീവിതത്തിൽ പ്രവർത്തനനിരതമാകണം.

**സഭ: പരമാവധിസ്നേഹത്തിന്റെ കൂദാശ**

മിശിഹാരഹസ്യം ഇന്ന് ലോകത്തിൽ പ്രാവർത്തികമാകുന്നത് സഭയിലൂടെയാണ്. മിശിഹായുടെ തുടർച്ചയാണല്ലോ സഭ. മിശിഹാരഹസ്യം സഭാരഹസ്യമായി ഇന്നു ലോകത്തിൽ തുടരുകയാണ്. അതുകൊണ്ടാണ് സഭ ലോകത്തിന്റെ കൂദാശയാകുന്നത്. ലോകത്തിന്റെ കൂദാശയായിത്തീരുവാൻ സഭയിൽ പ്രവർത്തനനിരതമാകേണ്ടത് സെനക്കിളിൽ അനാവരണം ചെയ്യപ്പെട്ട ദൈവസ്നേഹത്തിന്റെ ഈ രഹസ്യമാണ്. അങ്ങനെ ഈ പരമാവധിസ്നേഹം മിശിഹായുടെ ശിഷ്യസമൂഹമായ സഭയിൽ പ്രവർത്തികമാകുമ്പോഴാണ് സഭ യഥാർത്ഥത്തിൽ ലോകത്തിന്റെ കൂദാശയായി മാറുക: ''നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,35). ഇങ്ങനെ 'സെനക്കിൾ' മിശിഹാരഹസ്യത്തിന്റെ അന്തിമമായ വെളിപ്പെടുത്തലും സഭാരഹസ്യത്തിന്റെ തുടക്കംകുറിക്കലുമാണ്.



ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ലെന്ന് കർത്താവ് അരുൾചെയ്തു (യോഹ 3,5).

കൗദാശിക ആദ്ധ്യാത്മികത-2

# മാമ്മോദീസ: ദൈവപുത്രത്വത്തിലേക്കുള്ള വിളി

ഡോ. തോമസ്
പുവത്താനിക്കുന്നേൽ

കർത്താവായ ദൈവം തന്റെ അനുഗ്രഹം പ്രതീക്ഷിച്ച് വരുന്നവരെ തന്റെ അജഗണത്തിൽ ചേർക്കുകയും പ്രസാദവരത്താൽ പ്രകാശിപ്പിക്കുകയും ചെയ്യുന്ന കൂദാശയാണ് മാമ്മോദീസ. ഇവിടെ ഒരുവൻ ജലത്താലും പരിശുദ്ധാത്മാവിനാലും പുനർജനിക്കുകയും ദൈവത്തെ പിതാവേ എന്നു വിളിക്കുവാൻ അർഹനാകുകയും ചെയ്യുന്നു. കർത്താവിന്റെ കൃപയാൽ മാമ്മോദീസാജലത്തിലൂടെ പാപക്കറകൾ കഴുകി ഒരുവൻ പുതുജന്മം പ്രാപിക്കുന്നു. മാമ്മോദീസയിലൂടെ മിശിഹായുടെ സഭയാകുന്ന മൗതികശരീരത്തിലെ അവയവമായിത്തീരുകയും ചെയ്യുന്നു. മാമ്മോദീസ സഭയിൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള ഒരു മാർഗ്ഗം മാത്രമല്ല, ജീവദായകമായ ഈ ദിവ്യരഹസ്യത്തിലൂടെ നാം തിരുസ്സഭയുടെ അംഗമാവുകയും ദൈവരാജ്യത്തിന് അവകാശിയാകുംവിധം ദൈവത്തിന്റെ മകനോ മകളോ ആയിത്തീരുകയും ചെയ്യുന്നു. മാമ്മോദീസ നമ്മുടെ ജീവിതത്തിന്റെ എല്ലാ ഭാവങ്ങളെയും സ്വാധീനിക്കുന്നു. ഏതാനും സമയം കൊണ്ട് ആഘോഷിച്ചവസാനിച്ചു കടന്നുപോകുന്ന ഒരു സാമൂഹിക ആചാരമല്ലിത്. മാമ്മോദീസ നമ്മുടെ വാക്കുകളെയും പ്രവൃത്തികളെയും ചിന്തകളെയും രൂപാന്തരപ്പെടുത്തുന്നു.

**1. വിവിധമാനങ്ങൾ**

മാമ്മോദീസ ഒരു ദിവ്യരഹസ്യമാണ്. ആകയാൽ അതിന് വ്യത്യസ്തങ്ങളായ ഭാവങ്ങളുണ്ട്. ഏതെങ്കിലുമൊരു പ്രതീകത്തിലോ അർത്ഥത്തിലോ ഇതിന്റെ രഹസ്യങ്ങളെല്ലാം നമുക്ക് ഉൾക്കൊള്ളാനാവില്ല. ഇത് വിശ്വാസജീവിതത്തെ മുഴുവൻ ചൂഴ്ന്നു നിൽക്കുന്നതും ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്നതുമാണ്. മാമ്മോദീസയുടെ വ്യത്യസ്ത മാനങ്ങളെ ഈ കൂദാശയിലെ പ്രാർത്ഥനകൾ വ്യക്തമാക്കുന്നു.

### 1.1 ജലത്താലും പരിശുദ്ധാത്മാവിലുമുള്ള ജനനം

ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ലെന്ന് കർത്താവ് അരുൾചെയ്തു (യോഹ 3,5). മാമ്മോദീസ പുനർജനനത്തിലൂടെ ദൈവമക്കളാകുന്നതിനുള്ള വരം പ്രദാനം ചെയ്യുന്നു. ഇവിടെ നമ്മെ ജലത്തിൽ കഴുകുകയും തൈലത്താൽ അഭിഷേചിക്കുകയും ചെയ്യുന്നു. ജലത്തിൽ കഴുകുന്നത് പുതിയ സൃഷ്ടിയാകുന്നതിനെ സൂചിപ്പിക്കുന്നു. ജലം ജീവന്റെ സ്രോതസ്സാണ്, സൃഷ്ടിയുടെ ആരംഭം ജലത്തിനു മുകളിൽ ചരിച്ചിരുന്ന ദൈവികചൈതന്യത്തിലാണല്ലോ (ഉൽപ 1,2). മാമ്മോദീസയിൽ ജലത്തിൽ മുക്കപ്പെടുന്നത് അഭിഷേകം ചെയ്യപ്പെടുന്നവരാണ്. തൈലം പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. അതായത് ഈ കൂദാശ പുതിയൊരു ജീവന് ആരംഭവും ആത്മാഭിഷേകവും നൽകിക്കൊണ്ട് ദൈവരാജ്യത്തിനർഹരാക്കി നമ്മെ രൂപാന്തരപ്പെടുത്തുന്നു.



### 1.2 ഈശോയുടെ മമ്മോദീസ അടിസ്ഥാനം

ക്രൈസ്തവമാമ്മോദീസായുടെ അടിസ്ഥാനം ഈശോയുടെ മാമ്മോദീസയാണ്. അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും മാമ്മോദീസയാണ് സ്നാപക യോഹന്നാൻ പ്രസംഗിച്ചത് (യോഹ1,21; ലൂക്കാ 1,16-17; 3,3). പാപക്കറയേശാത്ത ഈശോയ്ക്ക് ഈ മാമ്മോദീസാ സ്വീകരിക്കേണ്ട ആവശ്യമില്ലായിരുന്നു. എന്നാൽ സർവ്വനീതിയും പൂർത്തീകരിക്കുവാൻ അവിടുന്നത് സ്വീകരിച്ചതുകൊണ്ട് (മത്താ 3,15) ഈശോയുടെ മാമ്മോദീസ പുതിയനിയമ മാമ്മോദീസായ്ക്ക് അടിസ്ഥാനമായി. ഈശോയുടെ മാമ്മോദീസാവേളയിൽ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് അവിടുത്തെ അഭിഷേകം ചെയ്തു. പിതാവിന്റെ അംഗീകാരമുദ്ര ഈശോയ്ക്ക് നൽകപ്പെട്ടു. പിതാവായ ദൈവം സ്വരമായും പരിശുദ്ധാത്മാവ് പ്രാവിൻ രൂപത്തിലും പുത്രൻ തമ്പുരാൻ മനുഷ്യനായും സന്നിഹിതമായിക്കൊണ്ട് പരിശുദ്ധത്രിത്വം ആദ്യമായി പ്രത്യക്ഷമായ അവസരമാണത്. പാപത്താൽ അടയ്ക്കപ്പെട്ട സ്വർഗ്ഗം (ഉൽപ 3,24) ദൈവപുത്രനിലൂടെ തുറക്കപ്പെട്ടു.

### 1.3 പരിശുദ്ധത്രിത്വം

ഈശോയുടെ മാമ്മോദീസയിൽ അടിസ്ഥാനമായുള്ള ക്രൈസ്തവ മാമ്മോദീസയിലും സ്വർഗ്ഗം നമുക്കായി തുറക്കപ്പെടുന്നു, നാം സ്വർഗ്ഗത്തിനവകാശികളായിത്തീരുന്നു. പരിശുദ്ധത്രിത്വനാമത്തിൽ മാമ്മോദീസ സ്വീകരിക്കുന്ന നമ്മെ ത്രിതൈ്വക ദൈവത്തിന്റെ ആലയമാക്കിത്തീർക്കുന്നു. ഇത് സ്വീകരിക്കുവാൻ ദൈവപുത്രനെപ്പോലെ ദൈവികനീതിക്ക് സ്വയം വിനയപൂർവ്വം വിധേയരാകുവാനാകണം. വെറുമൊരു മത കർമ്മമായി ഇതു സ്വീകരിക്കുന്നതുവഴി ദൈവിക വരങ്ങൾ സംലഭ്യമാകുകയോ നാം രൂപാന്തരപ്പെടുകയോ ചെയ്യുകയില്ല.

### 1.4 ഈശോയുടെ മരണോത്ഥാനങ്ങളിലുള്ള പങ്കാളിത്വം

മാമ്മോദീസയെക്കുറിച്ച് പഠിപ്പിക്കുമ്പോൾ വി.പൗലോസ് ശ്ലീഹാ ഈശോയുടെ മരണോത്ഥാനങ്ങളിലുള്ള പങ്കുചേരലാണിത് എന്നു വ്യക്തമാക്കുന്നു (റോമ 6,1-14). മനുഷ്യപാപങ്ങൾക്കുവേണ്ടി മരിക്കുകയും ഉത്ഥാനത്തിലൂടെ മനുഷ്യകുലത്തിന് പുതുജീവനും പ്രത്യാശയും പ്രദാനം ചെയ്യുകയും ചെയ്ത ഈശോയോടൊപ്പം പാപത്തിന് മരിച്ച് നവജീവൻ പ്രാപിക്കുന്നതിന് ഈ കൂദാശ കൃപചൊരിയുന്നു. ജലത്തിൽ മുങ്ങുന്നത് മരണത്തെയും അതിൽനിന്ന് ഉയരുന്നത് ഉയിർപ്പിനെയും പ്രതീകവൽക്കരിക്കുന്നു. പാപത്തിനുള്ള മരണവും ദൈവത്തിനായുള്ള ഉയിർപ്പും ഇവിടെ ഉണ്ടാകുന്നു.



### 1.5 ദൈവവിളിക്കുള്ള പ്രത്യുത്തരം

മാമ്മോദീസ ഈശോയുടെ ശിഷ്യത്വത്തിലേക്കുള്ള അവിടുത്തെ വിളിക്കുള്ള നമ്മുടെ മറുപടികൂടിയാണ്. ഈ കൂദാശ സഭയിൽ അവിടുന്ന് നൽകിയിരിക്കുന്നത് അവിടുത്തെ വിളിയുടെ പ്രത്യക്ഷമായ അടയാളമായാണ്. ഈ ദൈവവിളിക്ക് നാം മറുപടി നൽകുന്നത് അതിൽ പങ്കാളികളായിക്കൊണ്ടാണ്.

ഇതിലൂടെ സത്യവും ജീവനും മാർഗ്ഗവുമായ ഈശോയോട് ഒന്നുചേർന്ന് നാം ഒരു ജീവിതയാത്ര ആരംഭിക്കുന്നു. ശ്ലീഹന്മാരുടെ നടപടി 9,2 സൂചിപ്പിക്കുന്നതുപോലെ നാം മാർഗ്ഗത്തിൽ ചരിക്കുന്നവരായിത്തീരുന്നു. മാർഗ്ഗവാസികളെന്ന് ക്രിസ്ത്യാനികൾ കേരളത്തിൽ അറിയപ്പെട്ടിരുന്നത് ഏറെ അർത്ഥപൂർണ്ണമായ ഒന്നായിരുന്നു. വിളികേട്ട് ജീവിതയാത്ര ആരംഭിച്ചാൽ ലക്ഷ്യം മുന്നിൽകണ്ട് നിത്യവും മുന്നേറേണ്ടിയിരിക്കുന്നു.

### 2. ഫലങ്ങൾ


മാമ്മോദീസയിലൂടെ ലോകത്തിന്റെ പ്രകാശമായ ഈശോമിശിഹായോട് (യോഹ 9,5) ഒന്നുചേരുകയും ആ പ്രകാശത്താൽ പ്രകാശിതരായിത്തീരുകയും ചെയ്യുന്നു. കൂദാശാവേളയിൽ കത്തിച്ച തിരി നൽകുന്നതിന്റെ അർത്ഥമിതാണ്. ആകയാൽ മാമ്മോദീസ സ്വീകരിച്ചവർ പ്രകാശത്തിന്റെ മക്കളെപ്പോലെ വ്യാപരിക്കുവാനും അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിക്കുവാനും പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കുവാനും കടപ്പെട്ടിരിക്കുന്നു (റോമ 13,12).

മാമ്മോദീസ നമ്മിൽ ഉളവാക്കുന്ന ഫലങ്ങൾ വിവിധങ്ങളാണ്. ഇതുവഴി പരിശുദ്ധ ത്രിത്വത്തിലുള്ള ജീവിതത്തിലേക്ക് നാം ചേർക്കപ്പെടുന്നു. അതായത് പുത്രനായ ഈശോയോട് ഐക്യപ്പെടുകയും (റോമ 6,1-10) പരിശുദ്ധാത്മാവിൽ വീണ്ടും ജനിക്കുകയും (യോഹ 3,5) ചെയ്യുന്നതിലൂടെ പിതാവായ ദൈവത്തിന്റെ മക്കളായിത്തീരുന്നു (റോമ 8,15-17). ക്രൈസ്തവർ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണ് (നട 2, 38;1 കോറി 3,16; 6,19; 12,13). പരിശുദ്ധ ത്രിത്വത്തിലുള്ള ജീവിതത്തിലേക്ക് നമ്മെ പ്രവേശിപ്പിക്കുന്നത് പാപമോചനം നൽകിക്കൊണ്ടാണ്. ഉത്ഭവപാപത്തിൽ

നിന്നും വ്യക്തിപരമായ പാപങ്ങളിൽനിന്നും മാമ്മോദീസ മോചനം നൽകുന്നു (മതബോധന ഗ്രന്ഥം 1279). പാപമോചനത്തിനായി ഈശോമിശിഹായുടെ നാമത്തിൽ മാമ്മോദീസ സ്വീകരിക്കുവിൻ എന്നാണ് പത്രോസ് ശ്ലീഹാ ഉപദേശിക്കുന്നത് (നട 2,38). പാപമോചനത്തോടൊപ്പം വിശുദ്ധീകരണവും സാധിതമാകുന്നു. മിശിഹായിൽ ജീവിക്കുന്ന ഏതൊരാളും പുതിയ സൃഷ്ടിയാണ് (2 കോറി 5,17). മാമ്മോദീസ സ്വീകരിച്ച് സഭാസന്താനങ്ങളായവരെ വിശുദ്ധരും വിശുദ്ധരാകുവാൻ വിളിക്കപ്പെട്ടവരും ദൈവ ത്തിന്റെ സ്നേഹഭാജനങ്ങളുമെന്നാണ് പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് (1കോറി 1,2; റോമ 1,7).

### 3. ദൗത്യങ്ങൾ

നിരവധിയായ കൃപാവരങ്ങൾ ചൊരിയുന്ന ഈ കൂദാശ അതോടൊപ്പം ചില ദൗത്യങ്ങളും ഭരമേല്പിക്കുന്നുണ്ട്. ഈശോയുടെ ത്രിവിധ ദൗത്യങ്ങളിൽ ഇത് നമ്മെ പങ്കുകാരാക്കുന്നു. ഒരു വിശുദ്ധ പുരോഹിത വർഗ്ഗമാക്കികൊണ്ട് ഈശോമിശിഹാവഴിയായി, ദൈവത്തിനു സ്വീകാര്യമായ ആദ്ധ്യാത്മിക ബലികൾ അർപ്പിക്കുന്നതിന് (1 പത്രോസ് 2,5) നമ്മെ പ്രാപ്തരാക്കുന്നു. തിന്മയെ ജയിച്ച്, മരണത്തെ പരാജയപ്പെടുത്തി, പുനരുത്ഥാനവും ജീവനുമായ ഈശോയോട് മാമ്മോദീസയിലൂടെ ഒന്നുചേരുന്ന നാമവിടുത്തെ അധികാരത്തിൽ പങ്കാളികളാകുന്നു. തിന്മയിന്മേലുള്ള അവിടുത്തെ രാജകീയ അധികാരമാണിവിടെ സംലഭ്യമാകുന്നത്. ഈശോയുടെ പ്രവാചകത്വത്തിലും ഈ കൂദാശ നമ്മെ പങ്കാളികളാക്കുന്നുണ്ട്. വ്യക്തിജീവിതത്തിലും ജീവിത സാഹചര്യങ്ങളിലും നാം പ്രവാചക ദൗത്യം ഏറ്റെടുക്കുന്നു. പാപം, ധാർമ്മികത, നീതിവിധി ഇവയെക്കുറിച്ച് നാം അവബോധമുള്ളവരായിരിക്കുകയും ഒരു പ്രവാചകനെപ്പോലെ അപരനിലും സമൂഹം മുഴുവനിലും ബോധ്യം ജനിപ്പിക്കുകയും വേണം.



### 4. ജീവന്റെ മുദ്ര

സഭയുടെ ഏഴുകൂദാശകളിൽ മാമ്മോദീസ, തൈലാഭിഷേകം, പൗരോഹിത്യം എന്നിവ മനുഷ്യാത്മാവിൽ മായാത്ത മുദ്ര പതിപ്പിക്കുന്നു എന്ന് സഭ പഠിപ്പിക്കുന്നു. അതിനാൽത്തന്നെ ഈ മൂന്നു കൂദാശകളും ജീവിതത്തിൽ ഒരു പ്രാവശ്യമേ സ്വീകരിക്കാവൂ. ഇവയുടെ മുദ്ര മായാതെ സ്ഥിതിചെയ്യുന്നു. മമ്മോദീസയിലൂടെ കൈവരുന്ന പുനർജനനം ഒരിക്കലും ഇല്ലാതാവുന്നില്ല. അതായത് മാമ്മോദീസയിലൂടെ ഒരുവൻ ദൈവത്തിന്റെ മകനായി ജന്മമെടുക്കുകയും സഭയുടെ സന്താനമായിത്തീരുകയും ചെയ്തുകഴിഞ്ഞാൽ പിന്നിടയാൾക്ക് അതല്ലാതായിത്തീരാനാവില്ല. അയാൾ ഈ ജീവിതാന്തസ്സിന് യോഗ്യമാംവിധം ജീവിച്ചാലും ഇല്ലെങ്കിലും ആ സ്ഥാനം നിലനിൽക്കും. എന്നാൽ അതനുസരിച്ചുള്ള കൃപകളും ഫലങ്ങളും ഉണ്ടാകുന്നത് അയാൾ എത്രമാത്രം തദനുസാരം ജീവിക്കുകയും വിശ്വസ്തത പുലർത്തുകയും ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.

### 5. മാമ്മോദീസാത്തൊട്ടി

ദൈവാലയത്തിന്റെ ഒരു കോണിൽ പലപ്പോഴും അവഗണിക്കപ്പെട്ടതായും മറ്റു വസ്തുക്കളുടെ നിക്ഷേപപാത്രമായും തീർന്നിരുന്ന മാമ്മോദീസാത്തൊട്ടി അടുത്ത കാലത്ത് അതിന്റെ പരിശുദ്ധിയിൽ സൂക്ഷിക്കുവാൻ ആരംഭിച്ചിരിക്കുന്നു എന്നത് ശുഭോദർക്കമായ ഒരു വളർച്ചയാണ്. മാമ്മോദീസാത്തൊട്ടി

സഭയുടെ ഗർഭപാത്രവും ക്രിസ്ത്യാനിയുടെ കബറിടവുമാണെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. ''ജലമാകുന്ന കല്ലറയിൽ പുരോഹിതൻ സ്നാനാർത്ഥിയെ സംസ്ക്കരിച്ച് ദൈവവചനത്തിന്റെ അദൃശ്യശക്തിയാൽ പുനർജീവിപ്പിക്കുന്നു. ആത്മീയ ആയുധങ്ങൾ ധരിച്ച് മമ്മോദീസായാകുന്ന ശവക്കല്ലറയുടെ കവാടത്തിൽ നിന്നുകൊണ്ട് പുരോഹിതൻ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യം അനുഷ്ഠിക്കുന്നു" എന്ന് നർസേയുടെ വ്യാഖ്യാനത്തിൽ കാണുന്നു. മാമ്മോദീസാത്തൊട്ടിയിലെ ജലം തീച്ചൂളയ്ക്കു സമമായി തിയഡോർ കാണുന്നു. അവിടെ ചൂളയിലെന്നപോലെ നമ്മെ ഉരുക്കി ശുദ്ധിചെയ്യുകയും (ഏശ 1,25) പുതുതായി രൂപീകരിക്കുകയും ചെയ്യുന്നു. സ്വർഗ്ഗരാജ്യത്തിനായി സന്താനങ്ങളെ ജനിപ്പിക്കുന്നതിനുള്ള ഇടമെന്നാണ് ദൈവാലയകൂദാശാകർമ്മം ഇതിനെ വിശേഷിപ്പിക്കുക. ഇവിടെയാണ് പാപത്തിനു മരിച്ച് സംസ്ക്കരിക്കപ്പെട്ട് പുതുജീവിതത്തിലേക്ക് നാം പ്രവേശിക്കുന്നത്. ആകയാൽ ഇത് കല്ലറയ്ക്കും ഉദരത്തിനും സാദൃശ്യമായി ത്തീരുന്നു.

### 6. തലതൊടുന്നവർ

പലപ്പോഴും നാമമാത്രമായി രജിസ്റ്ററിൽ പേരുവയ്ക്കുന്നതിനും ശിശുക്കളെ ദൈവാലയത്തിൽ കൊണ്ടുവരുന്നതിനുമായി തീർന്നിരിക്കുന്ന ഒരു സ്ഥാനമാണ് തലതൊടുന്നവരുടേത്. മുതിർന്നവർ മാമ്മോദീസ സ്വീകരിക്കുമ്പോഴും തലതൊടുവാൻ ഒരാളെങ്കിലും വേണമെന്ന സഭാനിയമം തലതൊടുന്നവർക്ക് കൂടുതൽ ഉത്തരവാദിത്വങ്ങളുണ്ട് എന്ന് വ്യക്തമാക്കുന്നു. പുതുതായി സഭാവിശ്വാസത്തിലേക്കെത്തുന്നവരെ പുതുജീവിതം പരിശീലിപ്പിക്കുവാനും അതിനോടനുബന്ധിച്ചുള്ള കടമകൾ പൂർത്തിയാക്കുവാനും അവരെ സഹായിക്കുക എന്നതാണ് തലതൊടുന്നവരുടെ കടമ. അതുകൊണ്ടുതന്നെ നല്ല ക്രിസ്തീയ ജീവിതം നയിക്കുന്നവരാകണം ഈ സ്ഥാനം വഹിക്കുന്നവരെന്നും സഭ അനുശാസിക്കുന്നു. ഇവർ വഴികാട്ടികളാണ്. വിശ്വാസപരിശീലനം തലതൊടുന്നവരുടെ കടമയാണ്. സഭയിന്ന് ഇതിനു നിയുക്തരാകുന്നവരുടെ വിശ്വാസജീവിതത്തിനുള്ള ഉറപ്പ് സാക്ഷ്യപ്പെടുത്താൻ ആവശ്യപ്പെടുന്നത് തലതൊടുന്നവരുടെ ഈ ഉത്തരവാദിത്വത്തെ ഓർമ്മപ്പെടുത്തുന്നതിനുവേണ്ടിക്കൂടിയാണ്. ആർക്കും ഏറ്റെടുക്കാവുന്ന ഒരു സ്ഥാനമല്ലിത്.

### സമാപനം

ഒരുവനനുഭവിച്ച വിശ്വാസത്തിന്റെ പങ്കുവയ്ക്കലാണ് മറ്റുള്ളവരെ മാമ്മോദീസയിലേക്കാനയിക്കുമ്പോൾ നടത്തുക. ശിശുക്കളെ മാതാപിതാക്കന്മാർ തങ്ങളനുഭവിച്ച ദൈവികവരത്തിൽ പങ്കാളികളാകുന്നതിനുവേണ്ടി മാമ്മോദീസ മുക്കുന്നു. അവരുടെ എല്ലാ സമ്പാദ്യങ്ങളിലും ജനനത്തോടെ നിയമാനുസൃതമായി മക്കൾക്കവകാശം കിട്ടുന്നുവെങ്കിൽ ദൈവികകൂദാശയായ വിവാഹം സ്വീകരിച്ച് ക്രൈസ്തവവിശ്വാസത്തിലായിരിക്കുന്ന മാതാപിതാക്കളിൽനിന്നു ജനിക്കുന്ന കുട്ടികൾക്ക് തങ്ങളുടെ വിശ്വാസത്തിൽ അവകാശം നൽകുന്ന മാമ്മോദീസ നൽകുവാനും അവർക്കവകാശമുണ്ട്. മക്കൾ പ്രായപൂർത്തിയായ ശേഷമല്ല മാതാപിതാക്കന്മാരുടെ സ്വത്തിൽ അവകാശം ലഭിക്കുന്നത്, ജനനാൽ തന്നെ അവർക്കത് കിട്ടുന്നു. എങ്കിൽ വിശ്വാസത്തിൽ ശിശുക്കളെ ജനിപ്പിക്കുവാൻ മാതാപിതാക്കന്മാർക്ക് അവകാശവും കടമയുമുണ്ട്.

സ്വീകരിച്ച് കടന്നുപോകുന്ന ഒരു കൂദാശയല്ല മാമ്മോദിസ, സ്വീകരിച്ച് ജീവിക്കുന്നതിനുള്ളതാണത്. ആകയാൽ ഓരോ ക്രൈസ്തവനും അവന്റെ മാമ്മോദീസാ ജീവിതത്തെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. കൂദാശാവേളയിൽ ലഭിച്ച കത്തിച്ചതിരിയും, കൃപാവരത്തിന്റെ അനശ്വരവസ്ത്രവും ഇന്നെവിടെ എന്ന ആത്മശോധനക്ക് നാമേവരും കടപ്പെട്ടിരിക്കുന്നു.

സ്വീകരിച്ച് കടന്നുപോകുന്ന ഒരു കൂദാശയല്ല മാമ്മോദിസ, സ്വീകരിച്ച് ജീവിക്കു ന്നതിനുള്ളതാണത്.

മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം-3



# ദൈവിക സംഭാഷണത്തിന്റെ സവിശേഷത

**റോസമ്മ കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"കർത്താവേ, അങ്ങയുടെ സൃഷ്ടികൾ എത്ര വൈവിധ്യപൂർണങ്ങളാണ്" എന്ന് സങ്കീർത്തകൻ ഉദ്ഘോഷിക്കുന്നു. അതുപോലെതന്നെ ഓരോ സൃഷ്ടിയുടെമേലുമുള്ള അവിടുത്തെ കരുതലും വൈവിധ്യപൂർണമാണ്. "ദൈവത്തിന്റെ അനന്തശക്തിയുടെ അഗ്രാഹ്യവഴികൾ പുൽകുവാൻ വിശ്വാസത്തിനു മാത്രമേ കഴിയൂ" (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം).

മനുഷ്യൻ എല്ലാം കണക്കുകൂട്ടിയും അളന്നു തൂക്കിയും കൊടുക്കുമ്പോൾ ദൈവം സമൃദ്ധിയിൽ നൽകുന്നു. അവിടുത്തെ അളവ് അളവുകളില്ലായെന്നതാണ്. അവിടുന്ന് കൊടുക്കുന്നതിൽ ഉദാരമതിയാണ്. വിശ്വാസത്തോടെ തന്നെ സമീപിക്കുന്ന ഏവർക്കും അവിടുന്ന് എപ്പോഴും സംലഭ്യനും അത്യുദാരനുമാണ്.

"തിരുമുഖം ദർശിക്കുവാൻ അനുവദിക്കണമെ"യെന്നു മോശ ദൈവത്തോട് അപേക്ഷിച്ചു. ദൈവം തന്റെ സ്വന്തം മുഖം വെളിപ്പെടുത്തിയില്ല. എന്നാൽ നന്മനിറഞ്ഞ് തന്റെ മുഴുവൻ അസ്തിത്വവും വാക്കുകളിലൂടെ വെളിപ്പെടുത്തി: "കർത്താവ് കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ" (പുറ 34,6). ദൈവസ്നേഹത്തിന്റെ ഈ വെളിപാട് മനുഷ്യരുടെ ഗുരുതരമായ ഒരു പാപത്തെ തുടർന്നാണ് ഉണ്ടാകുന്നത്. സീനായ് മലയിൽനിന്നും അവർ സ്വീകരിച്ച ഉടമ്പടിയുടെ പ്രതിജ്ഞ അവർ കഷ്ടിച്ച് ഉരുവിട്ടു തീർന്നതേയുള്ളൂ. ജനങ്ങൾ അവിശ്വാസികളായി മാറി.

അദൃശ്യവും നിഗൂഢവും വിദൂരസ്ഥവുമായ ഈ ദൈവത്തിനു പകരം മറ്റൊരു ദൈവത്തിനു വേണ്ടി അഹറോനോട് ശാഠ്യംപിടിച്ച് സ്വർണ്ണം കൊണ്ട് ഒരു കാളക്കുട്ടിയെ ഉണ്ടാക്കി അവർ ആരാധിച്ചു. ജനങ്ങൾക്ക് ഈ ഗുരുതര പാപം ഉണ്ടായിട്ടും മോശയുടെ മാദ്ധ്യസ്ഥ്യം മൂലം ദൈവം അവരോടു ക്ഷമിക്കുവാൻ സന്നദ്ധനായി. ഉടമ്പടി പുതുക്കുവാ

**മനുഷ്യൻ എല്ലാം കണക്കുകൂട്ടിയും അളന്നുതൂക്കിയും കൊടുക്കുമ്പോൾ ദൈവം സമൃദ്ധിയിൽ നൽകുന്നു.**

നായി വീണ്ടും ദൈവം മോശയെ ക്ഷണിക്കുന്ന ഈ അവസരത്തിൽ മുഖം കാണിച്ചുതരണമെന്ന് മോശ അപേക്ഷിക്കുന്നു.

ദൈവികസംഭാഷണത്തിന്റെ സവിശേഷത പ്രധാനമായും അത് സമൃദ്ധി പ്രദാനം ചെയ്യുന്നതാണ്, അത്യുദാരതയിൽ എല്ലാം നൽകുന്നതാണ്. "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10,10) എന്നാണ് ഈശോ അരുളിച്ചെയ്തത്. എല്ലാം സമൃദ്ധിയിൽ നല്കുക എന്ന തന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി വിവിധ മാധ്യമങ്ങളുടെ ശക്തിയെ അവിടുന്ന് ഉപയോഗിക്കുന്നു. നമുക്ക് ഏവർക്കും സുപരിചിതമായ ഒരു ഉദാഹരണത്തിലൂടെ ഇത് വിശദമാക്കാം. അതായത് പ്രപഞ്ചത്തിലെ സസ്യങ്ങളിൽ സംഭവിക്കുന്ന പരാഗണത്തെക്കുറിച്ച് ചിന്തിച്ചാൽ, അവയുടെ വളർച്ചയ്ക്കും വർദ്ധനവിനും മറ്റുമായി സസ്യങ്ങളിൽ സമൃദ്ധമായ പൂമ്പൊടിയെ വിവിധങ്ങളായ മാധ്യമങ്ങളിലൂടെ (കാറ്റ്, ജലം വിവിധ തരത്തിലുള്ള ജീവികൾ, പക്ഷികൾ) വ്യാപിപ്പിക്കുന്നു. ഇതിന്റെ ഫലമായി വൈവിധ്യമാർന്ന സസ്യലതാദികളും പൂക്കളും കായ്കളും ഭൂമിയിൽ സമൃദ്ധമായി ഉണ്ടാകുന്നു.

പ്രകൃതിയിൽ നാം കാണുന്ന ദൈവത്തിന്റെ അതിശയകരമായ ഈ സമൃദ്ധി മനുഷ്യസൃഷ്ടികളിലും സംഭവിക്കുന്നു. "ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടൽത്തീരത്തെ മണൽത്തരിപോലെയും നിന്റെ സന്താനപരമ്പരയെ വർദ്ധിപ്പിക്കും" എന്ന് ദൈവം അബ്രാഹത്തോടു ചെയ്ത വാഗ്ദാനം ഇന്നും അവിടുന്നു തുടരുന്നു. ഈ ഭൂമിയിലേക്ക് പിറന്നുവീഴുന്ന ഓരോ കുഞ്ഞും അവിടുത്തെ ഈ വാഗ്ദാനത്തിന്റെ നിറവേറ്റലാണ് അത്യുദാരമായ ദാനമാണ്.

സ്വാഭാവികതലത്തിൽ സംഭവിക്കുന്നതുപോലെതന്നെ നമ്മുടെ അതിസ്വാഭാവികതലത്തിലും സംഭവിക്കുന്നു. "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). "ലോകത്തിൽ തിന്മയുണ്ട്, ഈ തിന്മയെ നശിപ്പിക്കുവാൻ ദൈവത്തിന് വരാമായിരുന്നു. പകരം അവിടുത്തെ സ്നേഹം ലോകത്തിന് വെളിപ്പെടുത്തികൊടുക്കുന്നു. പാപങ്ങളുണ്ടായിട്ടും മനുഷ്യരോടു മുഴുവൻ സ്നേഹം പ്രകടിപ്പിക്കുന്നു-അവിടുത്തേക്ക് ഏറ്റം അമൂല്യമായതിനെ അയയ്ക്കുന്നു. തന്റെ ഏകജാതനായ പുത്രനെ. അവിടുന്ന് അവനെ ലോകത്തിന് സമ്മാനമായി നൽകുന്നു. ഈ പുത്രനാകട്ടെ പിതാവിൽനിന്നുള്ള സ്നേഹത്തോട് പ്രതികരിച്ചുകൊണ്ട് നമുക്കായി സ്വജീവൻ കുരിശിൽ ബലിയർപ്പിച്ചു. കുരിശിൽ ദൈവത്തിന്റെ കരുണാനിർഭരമായ സ്നേഹം അതിന്റെ പരമമായ ആവിഷ്കാരം സാദ്ധ്യമാക്കുന്നു" (ഒസ്സർവത്തോരെ റൊമാനോ).

പ്രകൃതിയിലൂടെയും ചരിത്രത്തിലൂടെയും പരിശുദ്ധാത്മാവിലൂടെയും സഭയിലൂടെയും മാതാവിലൂടെയും നമ്മോടുള്ള ഈ ദൈവിക സംഭാഷണം തുടരുകയാണ്. ഇവിടെ മാനവവംശത്തോടുമുഴുവനുമുള്ള സംഭാഷണത്തെക്കുറിച്ചല്ല പരാമർശിക്കുക, പിന്നെയോ നമ്മുടെ ഓരോരുത്തരുടെയും ആത്മാവുമായുള്ള ദൈവത്തിന്റെ പ്രത്യേക സംഭാഷണത്തെയാണ്. എന്നോട്, എന്റെ ആത്മാവിനോട് സംസാരിക്കുന്ന ദൈവത്തെ ശ്രവിക്കണം. ഞാൻ ചെയ്യേണ്ടതും ഞാൻ ആകേണ്ടതും അവിടുത്തെ ആവശ്യങ്ങളും എല്ലാം എന്നോടു പറയുന്നു. വിവിധങ്ങളായ രീതിയിലും മാദ്ധ്യമങ്ങളിലൂടെയുമാണ് ഈ സംഭാഷണം നടക്കുന്നത്. ഈ സംഭാഷണം നിരന്തരം തുടരുകയാണ്. അതുകൊണ്ട് നാം എപ്പോഴും എവിടെയും ശ്രവിക്കുന്നതിൽ അതീവ ശ്രദ്ധയുള്ളവരായിരിക്കണം. ഇതിന് നമുക്ക് മിക്കപ്പോഴും സാധിക്കുന്നില്ലായെന്നതാണ് ശോചനീയമായത്. അവിടുത്തെ നിരന്തരമായ സംഭാഷണം ശ്രവിക്കുവാൻ നമുക്ക് സാധിച്ചിരുന്നുവെങ്കിൽ എത്രയോ വിസ്മയമായ കാര്യങ്ങൾ നമ്മിൽ ഓരോരുത്തരിലും ഓരോ രീതിയിലൂടെയും സംഭവിക്കുമായിരുന്നു.

ദൈവത്തെ നിരന്തരം ശ്രവിക്കുന്നതിനും പ്രത്യുത്തരം നൽകുന്നതിനും ആവശ്യമായ വിജ്ഞാനവും ധൈര്യവും ശക്തിയും നമുക്ക് പകർന്നുനൽകുന്നത് സഭയോട് ഉൾച്ചേർന്നുള്ള ജീവിതമാണെന്നത് എപ്പോഴും ഓർമ്മിക്കാം.

വലിയ മുക്കുവനൊപ്പം



# ടൂറിസത്തിന്റെ പിന്നാമ്പുറങ്ങൾ

**"സത്യത്തിൽ സ്നേഹം" (*Caritas in Veritate*) എന്ന ചാക്രിക ലേഖനം ആസ്പദമാക്കിയുള്ള പഠനത്തിന്റെ തുടർച്ച**

**ഫാ. റ്റോംസ് കളപ്പുരയ്ക്കൽ**
**ചങ്ങനാശ്ശേരി**

"**ദൈ**വത്തിന്റെ സ്വന്തം നാട്" എന്ന അഭിദാനം അന്വർത്ഥമാക്കികൊണ്ട് ലോകഭൂപടത്തിൽ കേരളം ജൈത്രയാത്ര തുടരുന്നു. നാഷനൽ ജോഗ്രാഫിക് സർവ്വേയിൽ ഒരു മനുഷ്യൻ തന്റെ ജീവിതകാലത്ത് സന്ദർശിച്ചിരിക്കേണ്ട 5 സ്ഥലങ്ങളിൽ ഒന്നായി കുട്ടനാടിനെ പുൽകിനിൽക്കുന്ന കായൽ സൗന്ദര്യം സ്ഥാനം പിടിച്ചുകഴിഞ്ഞു. അക്ഷരശഃ ദൈവം കനിഞ്ഞനുഗ്രഹിച്ച ഭൂപ്രകൃതിയുടെ നാടായ കൊച്ചു കേരളത്തിന് വ്യക്തമായ മാർഗ്ഗനിർദ്ദേശവും മുന്നറിയിപ്പും ടൂറിസത്തെ സംബന്ധിച്ച് നൽകുന്നു 'സത്യത്തിൽ സ്നേഹം' എന്ന ചാക്രികലേഖനം.

അന്താരാഷ്ട്ര വിനോദസഞ്ചാരം...സാമ്പത്തിക വികസനത്തിലും സാംസ്കാരിക വളർച്ചയിലും ഒരു പ്രധാന ഘടകമാണ് (No. 61). എന്നാൽ ചൂഷണത്തിനും ധാർമ്മികാധഃപതനത്തിനുമുള്ള ഒരവസരമായിതീരാനും അതിന് കഴിയും.

കേരളത്തിന്റെ നികുതിയിനത്തിൽ ശതകോടികൾ സംഭാവന ചെയ്ത മേഖലയാണ് വിനോദ സഞ്ചാരം. വിദേശികളും അന്യസംസ്ഥാനക്കാരും ഇതിൽ നിർണ്ണായക സംഭാവനകൾ നൽകുന്നു. കേരളത്തിനു കഴിഞ്ഞ ഏതാനും വർഷത്തെ ടൂറിസം മേഖലയിലെ വരുമാനം പരിശോധിച്ചാൽ കുത്തനെ ഉയരുന്ന ഒരു ഗ്രാഫ് നിരീക്ഷിക്കാനാകും. മുൻ പ്രസിഡന്റ് APJ അബ്ദുൾ കലാം കേരള നിയമസഭയെ അഭിസംബോധന ചെയ്തപ്പോൾ ടൂറിസത്തിന്റെ ഒന്നാം സ്ഥാനത്ത് ചൂണ്ടിക്കാട്ടിയതും കേരളത്തിന്റെ തനതു ഭൂപ്രകൃതി അന്യൂനം പാലിച്ചുകൊണ്ട് ടൂറിസം പരിപോഷിപ്പിക്കുന്നതിനെപറ്റിയായിരുന്നു. ദൈവത്തിന്റെ സ്വന്തം നാടിനെ അങ്ങനെതന്നെ പാലിക്കുവാൻ ക്രൈസ്ത

വർ എന്നനിലയിൽ മുന്തിയ ഉത്തരവാദിത്വം നമുക്കുണ്ട് എന്ന് നാം ഗ്രഹിക്കണം.

കേരളത്തിൽ സഞ്ചരിക്കുന്ന ആയിരത്തിൽ പരം ഹൗസ്ബോട്ടുകളും ഏഴായിരത്തിൽ പരം വരുന്ന ചെറുതും വലുതുമായ റിസോർട്ടുകളും (ഹോം സ്റ്റേ ഒഴിവാക്കിയ സംഖ്യ) ഈ മേഖലയുടെ വാണിജ്യ സാദ്ധ്യത സുതരാം വ്യക്തമാക്കുന്നു. ഈ മേഖലയിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുവാൻ കേരളത്തിലെ ക്രൈസ്തവ സമൂദായത്തിന് സാധിക്കുന്നു എന്നത് അഭിമാനാർഹമായ നേട്ടം തന്നെയാണ്.

ഒരു സംസ്കാരം മറ്റൊരു സംസ്കാരത്തിന്റെ മേൽ നടത്തുന്ന അധിനിവേശമായി ഇത് മാറാനും പാടില്ല എന്ന് മാർപാപ്പ സമർത്ഥിക്കുന്നു. ക്രിയാത്മകമായ സംവാദവും സത്സംഘങ്ങളിലൂടെയുള്ള പരസ്പര സ്വാധീനവും ആശാവഹംതന്നെ. എന്നാൽ മറുവശം കമ്പോളവത്കരണം മാത്രമായി അവശേഷിച്ചാൽ അത് സർഗ്ഗാത്മകമായിരിക്കില്ല. അന്താരാഷ്ട്ര ടൂറിസം ഉപഭോഗസംസ്കാരത്തിന്റെയും സുഖഭോഗസംസ്കാരത്തിന്റെയും പാതയാണു തുടരുന്നതെന്ന് മുന്നറിയിപ്പ് നൽകാനും പാപ്പ മടിക്കുന്നില്ല.

## പ്രതീക്ഷയുടെ പൂമൊട്ടുകൾ

ടൂറിസത്തിന്റെ ഉപോൽപന്നമായ സെക്സ് ടൂറിസം വ്യക്തി മാഹാത്മ്യത്തെ ഹനിച്ച് വസ്തുവൽക്കരണത്തിലേക്ക് (objectification) തരംതാഴുന്നു എന്നത് ദുഃഖസത്യമാണ്. മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും അനിയന്ത്രിതമായ കടന്നുവരവിനും ഇത് കാരണമാകുന്നുണ്ട്.

ഒരുപക്ഷേ ടൂറിസ്റ്റുകളുടെ അജപാലന ശുശ്രൂഷ എന്നതലത്തിൽ സഭയ്ക്ക് നിർണ്ണായകമായ ഇടപെടൽ നടത്താനാവും എന്ന് കരുതുന്നു. ഒരു പക്ഷേ സലേഷ്യൻസ് ഷില്ലോംഗിൽ ചെയ്തിരിക്കുന്നതുപോലെ ടൂറിസത്തെ അതിന്റെ പ്രാക് രൂപത്തിൽ ആസ്വദിക്കാൻ വരുന്ന ഭൂരിപക്ഷം വരുന്ന ടൂറിസ്റ്റുകൾക്ക് താമസസൗകര്യവും യോഗായും ആയുർവ്വേദവുമൊക്കെ സമഞ്ജസമായി സമ്മേളിപ്പിച്ച് മൂല്യാധിഷ്ഠിത ടൂറിസം നടത്താൻ സഭാമക്കൾക്ക് സാധിക്കണം. പ്രകൃതിരമണീയമായ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വില്ലകളോ, റിസോർട്ടുകളോ നിർമ്മിക്കാൻ സഭ മുന്നിട്ടിറങ്ങുന്നത് നന്നായിരിക്കും. അതിഥി ദേവോ ഭവ! എന്ന ആപ്തവാക്യം അന്വർത്ഥമാക്കാൻ പരിശ്രമിക്കാം.

സ്നേഹത്തിൻ മൃദുസ്പർശവുമായ്
സ്നേഹപൂർവ്വം എന്നെ തഴുകിടുന്നു
സ്നേഹമരന്ദം വർഷിക്കുവാൻ
സ്നേഹവിപഞ്ചിക മീട്ടിടുവാൻ.

മാനസെ വന്നെത്തും മാലിന്യവും
മാമലയെക്കാൾ അയോഗ്യതയും
മാറ്റീടുവാൻ എന്നും കനിയേണമേ
മാനസേ സൗരഭ്യം തൂകേണമേ.

നന്ദിയാൽ നിറയുന്ന ജീവിതവും
നന്ദിയോടർപ്പിച്ചീടുന്നു സദാ
നന്ദി ഞാൻ ചൊല്ലുന്നു എന്നുമെന്നും
നന്ദിയായി ജീവിതം അർപ്പിക്കുന്നു.

**പ്രിൻസി മൈലാടിയിൽ**



പ്രതീക്ഷയുടെ പൂമൊട്ടുകൾ



# പ്രാർത്ഥന ജീവിതമാക്കി...

## വി. ഫ്രാൻസിസ് ഗറ്റാനോ എൻറിക്കോ

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ളേറ്റ്സ്**

എന്റെ പ്രിയപ്പെട്ട മകനേ...

ഇന്നലെ മോൻ മൊബൈലിൽ വിളിച്ചപ്പോൾ പറഞ്ഞിരുന്നല്ലോ കൂട്ടുകാരെല്ലാം ഭൗതികതയിൽ മുങ്ങികുളിച്ചിരിക്കുകയാണെന്ന്... മോൻ പ്രാർത്ഥിക്കുമ്പോഴും, കൊന്ത ചൊല്ലുമ്പോഴും ബൈബിൾ വായിക്കുമ്പോഴും കൂട്ടുകാരെല്ലാവരുംകൂടി കളിയാക്കുകയാണെന്ന്.

മോനേ... ആധുനികതയുടെ ആഡംബരങ്ങളിൽ എന്റെ മോനും മുങ്ങിത്താഴരുതേ... ഇന്റർനെറ്റും ഈമെയിലും എസ്. എം. എസ് മെസേജും ഒക്കെ നല്ലതുതന്നെ... എന്നാൽ നിങ്ങൾ ചെറുപ്പക്കാർ അവയെല്ലാം ദുർവിനിയോഗം ചെയ്ത് സ്വയം നശിക്കുകയും മറ്റുള്ളവരെ നശിപ്പിക്കുകയുമല്ലേ ചെയ്യുന്നത്. ആധുനിക മാധ്യമങ്ങളുടെ നീരാളിപ്പിടുത്തത്തിൽ എന്റെ മോനും താഴ്ത്തപ്പെടരുതെന്ന് അമ്മയ്ക്ക് അതിയായ ആഗ്രഹമുണ്ട്. അതുകൊണ്ട് എന്റെമോൻ പ്രാർത്ഥനയിൽ ഉപേക്ഷ വരുത്തരുതേ...

മോനേ, വിശുദ്ധയായ അൽഫോൻസാമ്മയുടെ തിരുനാളിന് എല്ലാവരുംകൂടി ഭരണങ്ങാനത്തു പോയി പ്രാർത്ഥിച്ചിരുന്നു. അൽഫോൻസാമ്മയോട് മോന്റെ കാര്യം പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴാണ് വചന പ്രസംഗമധ്യേ അമ്മയോടൊപ്പം വിശുദ്ധ പദവിയിലേക്കുയർത്തിയ വി. ഗറ്റാനോയെ അറിയാനിടയായത്. നിരന്തരമായി മുട്ടിന്മേൽ നിന്ന് ഈശോയുമായി സ്നേഹസംഭാഷണം നടത്തിയ ഗറ്റാനോയെ മോനു കൂട്ടായി അമ്മ തരട്ടെ. ഫോൺ വിളിക്കുന്നതിനേക്കാളും അമ്മയ്ക്കിഷ്ടം കത്തെഴുതുന്നതാണ്. പ്രത്യേകിച്ചും ആരും കത്തെഴുതാനിഷ്ടപ്പെടാത്ത ഈ കാലഘട്ടത്തിൽ. മോനേ... കത്തിലൂടെ അമ്മയുടെ സ്നേഹം മുഴുവൻ എന്റെ കുട്ടന് അനുഭവിച്ചറിയാമല്ലോ.



മോനേ, 'ഒരു വിശുദ്ധൻ മരിച്ചു എന്നാണ് ഫാ. ഗറ്റാനോയുടെ മരണവാർത്ത കേട്ടപ്പോൾ ഗ്രാമവാസികൾ പറഞ്ഞത്. കാരണം മണിക്കൂറുകളോളം മുട്ടുകുത്തി ദിവ്യകാരുണ്യ നാഥനെ നോക്കി നോക്കിയിരുന്ന് യഥാർത്ഥ ആനന്ദമനുഭവിച്ച പുരോഹിതനായിരുന്നു ഫാ. ഗറ്റാനോ. മിക്കപ്പോഴും ഉപവാസം അനുഷ്ഠിച്ച് അദ്ദേഹം തന്റെ ഭക്ഷണം വിശക്കുന്നവർക്ക് കൊടുത്തിരുന്നു.

അദ്ദേഹം ജനിച്ചത് ഇറ്റലിയിലെ നേപ്പിൾസിന്റെ വടക്കൻ അതിർത്തിയിലുള്ള സെക്കൻഡിഗ്ലിയാനോയിലായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഇറ്റാലിയൻ ഭക്ഷണമായ പാസ്താനിർമ്മാണശാല നടത്തിപ്പുകാരനും മാതാവ് തുന്നൽക്കാരിയുമായിരുന്നു. കൊച്ചു ഗറ്റാനോ കൊച്ചുനാൾ തൊട്ടേ പ്രാർത്ഥനയിൽ അതീവ ജാഗ്രത പുലർത്തിയിരുന്നു. വിദ്യാലയത്തിലെ കൂട്ടുകാർ കളിയാക്കിയപ്പോഴും കമന്റടിച്ചപ്പോഴും ഗറ്റാനയുടെ ദൈവസ്നേഹം ആളിക്കത്തുകയായിരുന്നു. അടിയുറച്ച ദൈവവിശ്വാസിയായ ഗറ്റാനോ 14-ാം വയസ്സിൽ സെമിനാരിയിൽ ചേരാൻ ആഗ്രഹിച്ചെങ്കിലും അപേക്ഷ തള്ളപ്പെടുകയാണ് ചെയ്തത്.

എങ്കിലും കൊച്ചു ഗറ്റാനോ നിരാശനായില്ല. പ്രാർത്ഥനയിൽ ആനന്ദം കണ്ടെത്തിയ ഗറ്റാനോ പുരോഹിതനാകാനുള്ള തന്റെ ആഗ്രഹത്തെ ദൈവത്തിന്റെ ഇഷ്ടത്തിന് അടിയറവച്ചു. ഈശോയുടെ ഗദ്സമെനിയിലെ പ്രാർത്ഥന പോലെയായിരുന്നു ഗറ്റാനോയുടെ പ്രാർത്ഥന. "എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ" എന്നത് അദ്ദേഹത്തിന്റെ പ്രാർത്ഥനയായിരുന്നു.

**കൊന്ത കഴുത്തിൽ കിടക്കുമ്പോൾ ആഭരണവും കൈയിലെടുക്കുമ്പോൾ ആയുധവുമാണ്.**

16-ാം വയസ്സിൽ ഗറ്റാനോയുടെ സ്വപ്നം പൂവണിഞ്ഞു. 16-ാം വയസ്സിൽ അദ്ദേഹം നേപ്പിൾസ് ആർച്ച് ഡയോസിഷ്യൻ സെമിനാരിയിൽ ചേർന്നു. അക്കാലത്തൊക്കെ മുഴുവൻ സമയവും അദ്ദേഹം പ്രാർത്ഥനകൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചു. 1815 സെപ്റ്റംബർ 23 ന് അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു. മോനേ, പുരോഹിതരെ അവഹേളിക്കുന്ന തരത്തിലുള്ള നോട്ടീസും ബാനറും സിനിമയും മൊബൈൽ സന്ദേശങ്ങളുമൊക്കെ യുവജനങ്ങളുടെ ഇടയിൽ വൈറസുകണക്കേ പരക്കുമ്പോൾ അമ്മയുടെ മനസ്സ് വെന്തുനീറുകയാണ്. പുരോഹിതനിലെ പരിപാവനത ദർശിക്കാതെ അവരുടെ നേർക്ക് ചെളിവാരിയെറിയുന്ന ആബാലവൃദ്ധജനങ്ങളെ കാണുമ്പോൾ അമ്മ പള്ളിക്കൂദാശക്കാലത്തെ, ഞായറാഴ്ചയിലെ റംശാ പ്രാർത്ഥന ആവർത്തിച്ചു ചൊല്ലി പ്രാർത്ഥിക്കുകയാണ്. എന്റെ മോന് വ്യക്തിപരമായി പ്രാർത്ഥിക്കുന്നതിനുവേണ്ടി അമ്മ ആ പ്രാർത്ഥന കൂടി എഴുതിച്ചേർക്കട്ടെ.

*"നാഥാ നിൻ തിരുരക്തത്താൽ*
*നേടിയ സഭയെ വളർത്തേണം*
*അവളിൽ ശാന്തി വിതച്ചെന്നും*
*പരിപാലിച്ചു നയിക്കേണം*
*നിന്റെ പുരോഹിത വൃന്ദത്തെ*
*പരിപാവനയായി കാക്കേണം"*

പരിപാവനമായ പൗരോഹിത്യമെന്ന മഹാദാനം സ്വീകരിച്ച ഗറ്റാനോ കുറെക്കാലം അധ്യാപകനായി ജോലി ചെയ്തു. 1818 ൽ ഒരു ദിവസം പ്രാർത്ഥനാനിമഗ്നനായിരുന്നപ്പോഴാണ് അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിമറിച്ച സംഭവമുണ്ടാകുന്നത്. സെന്റ് അൽ ഫോൻസ് ലിഗോരി സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ദുഃഖങ്ങളുടെ രാജ്ഞിയുടെ നാമത്തിൽ പുതിയൊരു സഭാകൂട്ടായ്മയുണ്ടാക്കാൻ ഫാ. ഗറ്റാനോയോട് ആവശ്യപ്പെട്ടു.

ഈ ദിവ്യദർശനത്തെ സകലരും പ്രത്യേകിച്ച് തദ്ദേശവാസികൾ നഖഃശിഖാന്തം എതിർ ത്തു. ആരോപണങ്ങളുടെ കൂരമ്പുകൾ അനുദിനം ഏൽക്കേണ്ടിവന്നെങ്കിലും അദ്ദേഹം തളർന്നില്ല. ആശ്രയത്തിന്റെ അമ്മയുടെ കരങ്ങളിൽ മുറുകെ പിടിച്ചുകൊണ്ട് സെക്കൻ ഡിഗ്ലിയാനയിൽ മാതാവിന്റെ നാമത്തിൽ ദൈവാലയം പണിതുയർത്തി. കൊന്തചൊല്ലിക്കൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ അദ്ദേഹം പൂർത്തിയാക്കിയത്. മോനേ... എന്റെ കുഞ്ഞും ഒരിക്കലും കൊന്ത ചൊല്ലുന്നതിൽ മുടക്കം വരുത്തരുതേ. കുട്ടാ... കൊന്ത കഴുത്തിൽ കിടക്കുമ്പോൾ ആഭരണവും കൈയിലെടുക്കുമ്പോൾ ആയുധവുമാണ്. ഗറ്റാനോയെപ്പോലെ

എന്റെ മോനും മാതൃഭക്തനായി വളരണമെന്നാണ് ഈ അമ്മയുടെ ആഗ്രഹം.

പുതിയ സഭാകൂട്ടായ്മ ഈശോയുടെയും മാതാവിന്റെയും വിശുദ്ധ ഹൃദയങ്ങളുടെ ബഹുമതിക്കായിരിക്കണമെന്ന് വീണ്ടും ദർശനമുണ്ടായതിനെ തുടർന്ന് അദ്ദേഹം തന്നെത്തന്നെയും സഭയേയും വിശുദ്ധ ഹൃദയങ്ങൾക്ക് സമർപ്പിച്ചു. പുതിയ സഭയ്ക്ക് വാഴ്ത്തപ്പെട്ട ഒൻപതാം പീയൂസ് പാപ്പ അംഗീകാരം നൽകി. ഫാ. ഗറ്റാനോയെ സുപ്പീരിയർ ജനറലായി പ്രഖ്യാപിക്കുകയും ചെയ്തു.

പരസ്പരം സ്നേഹിക്കുക, നമ്മുടെ നിയമങ്ങളോട് ജാഗരൂകരായിരിക്കുക എന്നതായിരുന്നു അദ്ദേഹം തന്റെ മിഷണറിമാർക്കു നൽകിയ മരണപത്രം.

ലിയോ പതിമൂന്നാമൻ മാർപാപ്പ അദ്ദേഹത്തെ ധന്യനായി പ്രഖ്യാപിച്ചു. ജോൺപോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2008 ഒക്ടോബർ 12 ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്കുയർത്തി.

മോൻ വിചാരിക്കുന്നുണ്ടാവും എല്ലാ മാസവും വിശുദ്ധരുടെ ജീവചരിത്രം അമ്മ എഴുതുന്നത് എന്തിനാണെന്ന്. എന്റെ കുഞ്ഞേ, നമ്മളൊക്കെ തീർത്ഥാടകരാണ്. നമുക്കൊരു ലക്ഷ്യമുണ്ട്. വിശുദ്ധമായ ജീവിതം നയിച്ച് സ്വർഗ്ഗത്തിലെത്തുകയെന്നത്. ഈ ഭൂമിയിലെ ഹ്രസ്വകാലം അടിച്ചുപൊളിച്ച് അടിയോടെ പൊളിക്കാനുള്ളതല്ല നമ്മുടെ ജീവിതം. പ്രത്യുത സത്കർമ്മങ്ങളനുഷ്ഠിച്ച് വിശുദ്ധരായി ജീവിക്കുകയെന്നുള്ളതാണ്.

എന്റെ പൊന്നുമോനേ മരിച്ചുകഴിഞ്ഞാൽ നമ്മുടെ പേര് ശവം എന്നാണ്. നശ്വരമായ ഈ ശരീരം മണ്ണോടുമണ്ണാകുമ്പോൾ നമ്മുടെ ആത്മാവ് നിത്യസൗഭാഗ്യത്തിലെത്തിച്ചേരണമെങ്കിൽ വിശുദ്ധമായ ജീവിതം ഈ ഭൂമിയിൽ ജീവിച്ചേ മതിയാവൂ.

മോനെ ഇവിടെ എല്ലാവരും സുഖമായിരിക്കുന്നു. എന്റെ കുഞ്ഞ് പഠനത്തിലും പ്രാർത്ഥനയിലും കൂട്ടുകെട്ടുകളിലും ആധുനിക മാധ്യമങ്ങൾ ഉപയോഗിക്കുന്നതിലും അതീവ ജാഗ്രത പുലർത്തണം. അമ്മയും അച്ചാച്ചനും അതിരാവിലെയുള്ള ബലിയർപ്പണത്തിന് മുടക്കം വരുത്തുന്നില്ല. അതാണല്ലോ നമ്മുടെ ശക്തി. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഏറെയുണ്ടെങ്കിലും നമ്മുടെ കുടുംബത്തിലെ ആത്മീയാനന്ദത്തിന് ഒരു കുറവും സംഭവിച്ചിട്ടില്ല.



പിന്നെ ഒരു വിശേഷം നമ്മുടെ വീട്ടിൽ ഒരു മാസമായിട്ട് റംശാ പ്രാർത്ഥനയാണ് ചൊല്ലുന്നത്. ആദ്യമൊക്കെ ബുദ്ധിമുട്ടു തോന്നിയെങ്കിലും ഇപ്പോൾ അതിലെ പ്രാർത്ഥനകൾ അതീവ ഹൃദ്യവും ശക്തിദായകവുമായിട്ട് അനുഭവവേദ്യമാകുകയാണ്.

ഏലിയാ സ്ലീവാ മൂശക്കാലത്തിലെ ശനിയാഴ്ചത്തെ ഓനീസാ ദ്റംശയിലെ ഒരു ഗീതംകൂടി എഴുതിക്കൊണ്ട് അമ്മ നിർത്തട്ടെ.

*"തവനാമത്തിൽ കർത്താവേ,*
*തണ്ണീരേകുകിലതിനും നീ*
*പ്രതിസമ്മാനം സ്വർഗ്ഗത്തിൽ*
*നല്കിടുമെന്നുരചെയ്തല്ലോ.*
*ജീവിതമെല്ലാമങ്ങേയ്ക്കാ-*
*യർപ്പിച്ചങ്ങേ മാർഗ്ഗത്തിൽ*
*നീങ്ങും നരനു ലഭിച്ചീടും*
*നിത്യമഹോന്നത സൗഭാഗ്യം".*


കുടുംബ വേദി



# മോളി മാത്യു തിരക്കിലാണ്

ഫാ. സിറിയക് കോട്ടയിൽ
ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി

മോളി മാത്യു അഭിഭാഷകയാണ്. കാലോചിതമായ മാറ്റം സ്ത്രീകളുടെ ആഭിമുഖ്യങ്ങളിലും പ്രവർത്തനങ്ങളിലും ഉണ്ടാകണമെന്ന് ശഠിക്കുന്ന ആളുമാണ്. ഭർത്താവ് മാത്യു ജോസഫ്, സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥനായിരുന്നു. റിട്ടയർ ചെയ്തത് കഴിഞ്ഞ മാർച്ചിലാണ്. റിട്ടയർമെന്റിന്റെ പിറ്റേമാസം പിടിപെട്ടതാണാ അസുഖം. സന്ധി വേദനയിലാണ് തുടങ്ങിയത്. പിന്നെ നടക്കാൻ മേലാന്നായി. താമസിയാതെ കിടപ്പിലുമായി. പരസഹായം കൂടാതെ ഒരടിപോലും നടക്കാൻ പറ്റില്ല. അയാളുടെ മൂത്ത സഹോദരി ആർമിയിൽ നഴ്സായിരുന്നു. പേര് സൂസമ്മ. മക്കളില്ല, തൊട്ടടുത്തുതന്നെയാണ് താമസം. രാവിലെയും വൈകുന്നേരവും വന്ന് സൂസമ്മ കാര്യങ്ങൾ തിരക്കും. അതയാൾക്ക് വലിയൊരാശ്വാസമാണ്. പൊതുപ്രവർത്തകയും അഭിഭാഷകയുമായ ഭാര്യ മോളി മാത്യു സർവ്വനേരവും തിരക്കിലാണ്. തന്റെ ഭാര്യയുടെ സാമീപ്യവും പരിചരണവും അയാൾ ഏറെ ആഗ്രഹിക്കാറുണ്ടെങ്കിലും അതത്ര എളുപ്പമല്ലെന്ന് അയാൾക്കുതന്നെ അറിയാം. അവളുടെ സ്വഭാവം പണ്ടുതുടങ്ങി അങ്ങനെതന്നെയാണെന്ന് അയാൾ സാക്ഷ്യപ്പെടുത്തുന്നു. കാന്റീൻ ഭക്ഷണമായിരുന്നു പലപ്പോഴും ആശ്രയം. പരാതി പറയാതെ ജീവിക്കാൻ സർവ്വീസ് കാലയളവിൽ തന്നെ പരിശീലിച്ചു. മക്കൾ മെറിനും മെൽവിനും. മെറിന്റെ വിവാഹം കഴിഞ്ഞു. ഭർത്താവിനൊടോപ്പം ദുബായിലാണ്. മെൽവിൻ ബിടെക് ബിരുദധാരിയാണ്. ഹൈഡ്രാബാദിൽ ജോലി ചെയ്യുന്നു.




മക്കൾ എല്ലാ ദിവസവും പപ്പായെ വിളിച്ച് രോഗവിവരങ്ങൾ തിരക്കും. സൂസമ്മ ആന്റിയോട് അവർ വിശദാംശങ്ങൾ ചോദിച്ചറിയും. അവർക്കിരുവർക്കും മമ്മിയുടെ പെരുമാറ്റത്തിൽ നീരസമുണ്ട്. സൂസമ്മ അവരെ ആശ്വസിപ്പിക്കും. എല്ലാം നേരെയാകുമെന്ന് പറഞ്ഞ് അവർക്ക് പ്രതീക്ഷ നൽകും.


വീടു സന്ദർശന സമയത്ത് ആ വീട്ടിൽ ചെന്നപ്പോൾ മാത്യു സാറുമായി ഞാൻ സംസാരിച്ചു. ശാരീരികമായ വേദനയെക്കാൾ മാനസികവേദന ഏറെ അനുഭവിക്കുന്ന മനുഷ്യൻ. മരണത്തെ മറ്റെന്തിനെയുംകാൾ അധികമായി താൻ ഇപ്പോൾ ആഗ്രഹിക്കുന്നുവെന്ന സാറിന്റെ വാക്കുകൾ എന്നിൽ തെല്ലും അത്ഭുതം ഉളവാക്കിയില്ല. അത്രകണ്ടുണ്ട് ആ കുടുംബനാഥൻ തന്റെ സ്വന്തം വീട്ടിൽ അനുഭവിക്കുന്ന ഏകാന്തതയുടെയും ഒറ്റപ്പെടലിന്റെയും തീവ്രത. മക്കൾ അന്വേഷിക്കുന്നുണ്ടല്ലോ, സഹോദരി സൂസമ്മയുടെ പരിചരണവും ലഭിക്കുന്നില്ലേ എന്നൊക്കെ വായനക്കാർക്ക് ചോദിക്കുകയും പറയുകയുമൊക്കെയാവാം. പക്ഷേ ഇക്കാര്യത്തിലൊക്കെ വലിയൊരു വിടവു സൃഷ്ടിച്ചിരിക്കുകയല്ലെ "ഞാനൊന്നു മറിഞ്ഞില്ലേ..." എന്ന മട്ടിൽ നടക്കുന്ന വക്കീലമ്മ.

ഒരു മനുഷ്യന്റെ ജീവിതത്തിന് പ്രതീക്ഷയും അർത്ഥവും നൽകുന്നുണ്ട് താൻ ആരുടെയോഒക്കെ ആണ്, തനിക്ക് ആരോ ഒക്കെ ഉണ്ട് എന്ന ചിന്തകൾ. യാതൊരുവനിലും ഇത്തരം ചിന്തകൾ ശൂന്യതയിൽനിന്ന് ഉരുവാകുന്നവയല്ല, സ്നേഹത്തിന്റെ സാമീപ്യവും സ്പർശനവുംവഴി ഉണ്ടാകുന്ന സ്വാഭാവികമായ മാനസികപ്രതികരണങ്ങളാണിവ. മാത്യുസാറിന്റെ ജീവിതത്തിൽ പെട്ടെന്നു കടന്നുവന്ന ഏകാന്തത അയാളുടെ സൃഷ്ടിയല്ല, പലരുകൂടിമെനഞ്ഞെടുത്തതാണെന്നും പറയാനാവില്ല. മുഖ്യമായും ഇതിന് വഴിമരുന്നിട്ടത് മോളി മാത്യുവെന്ന അയാളുടെ ഭാര്യതന്നെയാണ്. മോളി മാത്യു തന്റെ മനസ്സാക്ഷിയുടെ കോടതിയിൽ തന്നെ തന്നെ വിസ്തരിച്ച് തന്റെ നല്ല നടപ്പിനായി സ്വയം വിധി കൽപ്പിക്കണം. അതേ ഇതിനൊരു പരിഹാരമുള്ളൂ. മാത്യു ജോസഫെന്ന അയാൾ തന്റെ മനോഭാവം മാറ്റിയാൽ പ്രശ്നത്തിന് പരിഹാരമായല്ലോ എന്നൊന്നും പറയാനാവില്ല. അങ്ങനെ പറഞ്ഞ് പ്രശ്നം പരിഹരിക്കാൻ പറ്റിയ പ്രായമോ അവസ്ഥയോ അല്ലല്ലോ അയാളുടേത്.

**ഒരു മനുഷ്യന്റെ ജീവിതത്തിന് പ്രതീക്ഷയും അർത്ഥവും നൽകുന്നുണ്ട് താൻ ആരുടെയോഒക്കെ ആണ്, തനിക്ക് ആരോ ഒക്കെ ഉണ്ട് എന്ന ചിന്തകൾ. യാതൊരുവനിലും ഇത്തരം ചിന്തകൾ ശൂന്യതയിൽനിന്ന് ഉരുവാകുന്നവയല്ല, സ്നേഹത്തിന്റെ സാമീപ്യവും സ്പർശനവുംവഴി ഉണ്ടാകുന്ന സ്വാഭാവികമായ മാനസികപ്രതികരണങ്ങളാണിവ.**

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# പഴയനിയമഗ്രന്ഥങ്ങളിലൂടെ...



പഴയനിയമഗ്രന്ഥങ്ങളെ ചരിത്രപരം, പ്രബോധന പരം, പ്രവചനപരം എന്നു പൊതുവേ മൂന്നായി തിരിച്ചിരിക്കുന്നതിൽ പ്രബോധനപരമായ ഗ്രന്ഥ ങ്ങളുടെ ഒരു സംക്ഷിപ്ത വിവരണമാണിത്.

**1. ജോബ്**

ജോബ് എന്ന വാക്കിന്റെ അർത്ഥം പീഡി പ്പിക്കപ്പെട്ട എന്നാണ്. നീതിമാൻ എന്തിന് ക്ലേശ ങ്ങൾ സഹിക്കണം, സർവ്വശക്തനും നീതിമാനു മായ ദൈവം എന്തുകൊണ്ട് ഒരു നീതിമാന് ക്ലേശങ്ങൾ അനുവദിക്കുന്നു എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമാണ് ഈ പുസ്തകം. സമ്പന്നനും സൗഭാഗ്യവാനു മായ ജോബിനെ ദൈവം പരീക്ഷിക്കുന്നു. സന്താനങ്ങളും സമ്പത്തും നഷ്ടപ്പെട്ട, കുഷ്ഠം ബാധിച്ച ജോബ് ദൈവഹിത ത്തിന് കീഴ്‌വഴങ്ങി. ദൈവത്തിന്റെ അനന്തവിജ്ഞാനത്തിനു മുമ്പിൽ പരി മിതനായ മനുഷ്യൻ ന്യായങ്ങൾക്കായി കടന്നുചെല്ലാതെ ദുർഗ്രഹങ്ങളായവയെ ദൈവതിരുമനസ്സെന്ന് വിശ്വസിച്ച് കീഴ്പ്പെ ടുകയാണ് വേണ്ടത് എന്ന് മനസ്സിലാക്കി പശ്ചാത്തപിച്ച ജോബിന് ദൈവം ഇരട്ടി അനുഗ്രഹങ്ങൾ നല്കുന്നു. സഹന ത്തിലും പ്രലോഭനങ്ങൾക്കിടയിലും അചഞ്ചലമായി നിലകൊണ്ട ജോബ് ദൈവത്തിലുള്ള വിശ്വസ്തതയുടെയും സുകൃത ജീവിതത്തിന്റെയും ഉത്തമ മാതൃകയാണ്.

**2. സങ്കീർത്തനങ്ങൾ**


ഇസ്രയേൽ ജനത ഉപയോഗി ച്ചിരുന്ന ദൈവനിവേശിതമായ 150 ആരാധനാഗീതങ്ങളുടെ സമാഹാരമാണ് സങ്കീർത്തനങ്ങൾ. സ്തുതി, ആരാധന, കൃതജ്ഞത, യാചന തുടങ്ങി പ്രാർത്ഥന യുടെ വിവിധരൂപങ്ങൾ ഇവയിൽ ഉണ്ട്. യഹൂദർ ഈ സങ്കീർത്തനങ്ങൾ ഉപയോ ഗിച്ചിരുന്നത് തിരുനാളുകൾ, പരസ്യാരാ ധന, തീർത്ഥാടനം, ദേശീയമോ, വ്യക്തി പരമോ ആയ വിജയങ്ങൾ, അത്യാഹിത ങ്ങൾ തുടങ്ങിയ അവസരങ്ങളിലാണ്. ഏറ്റവും ദീർഘമായ 119-ാം സങ്കീർത്ത നമാണ് ബൈബിളിലെ ഏറ്റവും നീണ്ട അദ്ധ്യായവും. 117-ാം സങ്കീർത്തനമാണ് ബൈബിളിലെ ഏറ്റവും ചെറിയ അദ്ധ്യായം.

**3. സുഭാഷിതങ്ങൾ**

സോളമനാണ് ഇതിന്റെ കർത്താവെന്ന് വിശ്വസിക്കപ്പെടുന്നു. വിജ്ഞാനവും പ്രബോധനവും ഗ്രഹിക്കാനും വിവേകപൂർണ്ണമായ പെരുമാറ്റം, ധർമ്മം, നീതി, ന്യായം എന്നിവ ശീലിക്കാനും യുവജനങ്ങൾക്ക് അറിവ്, വിവേചനാശക്തി ഇവ പ്രദാനംചെയ്യാനും വേണ്ടിയാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. 'ദൈവഭക്തി അറിവിന്റെ ഉറവിടമാകുന്നു' എന്നുള്ള സൂക്തവും ഇതുപോലുള്ള മറ്റ് അനേകം കാര്യങ്ങളും ഇതിൽ പ്രതിപാദിക്കുന്നു.

**4. സഭാപ്രസംഗകൻ**

ജ്ഞാനിയും രാജാവുമായ സോളമനിൽ കർത്തൃത്വം ആരോപിച്ചുകൊണ്ട് ഏതോ ഒരു യഹൂദ വിജ്ഞാനിയാണ് ഇത് എഴുതിയത് എന്ന് കരുതപ്പെടുന്നു. സൂര്യന് താഴെ മനുഷ്യനുള്ളതെല്ലാം മിഥ്യയാണെന്നും ദൈവഭയമുള്ളവനായിരിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്യുക എന്നതാണ് മനുഷ്യന്റെ കടമ എന്നും ദൈവത്തെ കൂടാതെയുള്ള ജീവിതത്തിന് യാതൊരു അർത്ഥവും ഇല്ലെന്നും ഈ പുസ്തകം പഠിപ്പിക്കുന്നു.



**5. ഉത്തമഗീതം**

യഹൂദരുടെ വിവാഹവസരങ്ങളിലും മറ്റും പാടുന്നതിനായി എഴുതപ്പെട്ട ഈ ഹീബ്രു കവിതയുടെ കർത്താവ് സോളമൻ ആണ് എന്ന് കരുതപ്പെടുന്നു. സ്ത്രീ പുരുഷ സ്നേഹമെന്ന വികാരത്തെ ഇതിൽ വർണ്ണിക്കുന്നു. ഈ ബന്ധത്തെ യഹൂദർ ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധത്തോട് സാദൃശ്യപ്പെടുത്തുന്നു. ഭാര്യാഭർത്തൃസ്നേഹത്തെ പൗലോസ് ശ്ലീഹാ മിശിഹായും സഭയും തമ്മിലുള്ള ബന്ധത്തോട് ഉപമിച്ചത് ഈ പശ്ചാത്തലത്തിലാണ്.

**6. ജ്ഞാനം**

സോളമന്റെ പേരിലറിയപ്പെടുന്ന ഗ്രന്ഥമാണെങ്കിലും സോളമനല്ല യഥാർത്ഥ ഗ്രന്ഥ കർത്താവ്. യഹൂദമതത്തിൽ അഗാധ പാണ്ഡിത്യമുള്ള ഒരു വ്യക്തിയായിരിക്കണം ഇതെഴുതിയത്. പഴയനിയമഗ്രന്ഥങ്ങളിൽ ഏറ്റവും ഒടുവിൽ രചിച്ച ഗ്രന്ഥമാണിത്. വിദേശ ശക്തികളുടെ മർദ്ദനത്തിനിരയായ യഹൂദരെ ആശ്വസിപ്പിക്കുന്നതിനും അവരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും വേണ്ടിയാണ് ഈ ഗ്രന്ഥം എഴുതിയത് എന്ന് കരുതപ്പെടുന്നു.

**7. പ്രഭാഷകൻ**

ജീവിതത്തെ ക്രമപ്പെടുത്തുന്നതിനുള്ള ചില പ്രായോഗിക നിർദ്ദേശങ്ങളാണ് ഇതിലുള്ളത്. മാതാപിതാക്കൾക്കും ഭാര്യാഭർത്താക്കന്മാർക്കും മക്കൾക്കും ദൈവത്തോടും പരസ്പരവുമുള്ള ചുമതലകളെപ്പറ്റി ഇതിൽ വിവരിക്കുന്നു. ദൈവഭക്തി, മാതാപിതാക്കളോടുള്ള ബന്ധം, സമ്പത്തിന്റെ വിനിയോഗം, കുട്ടികളുടെ ശിക്ഷണം തുടങ്ങി അനുദിന ജീവിതത്തോട് ബന്ധപ്പെട്ട തത്ത്വങ്ങൾ ഈ പുസ്തകത്തിൽ നിന്ന് ലഭിക്കുന്നു.

തയ്യാറാക്കിയത്:
**പ്രൊഫ. അബ്രാഹം കോക്കാട്ട്,** എലിക്കുളം



# ദൈവത്തിന്റെ വഴികളിലൂടെ പോകാം... ജീവന്റെ കിരീടം നേടാം

**വത്സമ്മ മുളവന**
**അപ്പസ്തോലിക് ഒബ്ളേറ്റ്സ്**

മനുഷ്യവംശത്തിൽവെച്ച് ഏറ്റവും ആദ്യം രക്ഷയെ അനുഭവിച്ചറിഞ്ഞ വ്യക്തിയായിരുന്നു പരി. കന്യകാമറിയം. അവൾ സഭയുടെ മകളും അമ്മയുമാണ്. വലിയ വലിയ കാര്യങ്ങൾ ചെയ്യുന്നതിലോ പ്രശസ്ത സേവനം അനുഷ്ഠിക്കുന്നതിലോ അല്ല, പ്രത്യുത 'അങ്ങയുടെ ഇഷ്ടം എന്നിൽ സംഭവിക്കട്ടെ' എന്ന പ്രാർത്ഥനയോടെ ദൈവേഷ്ടം നിറവേറ്റി ജീവിക്കുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത് എന്ന സത്യം പരി. അമ്മ നമ്മെ പഠിപ്പിക്കുന്നു.

മാലാഖാ നൽകിയ അരുളപ്പാടിന്, 'ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എന്നിൽ സംഭവിക്കട്ടെ' എന്നു പ്രത്യുത്തരം നൽകിക്കൊണ്ട് പരി. കന്യകാമറിയം ദൈവവചനത്തിന് തന്നെത്തന്നെ കീഴ്പ്പെടുത്തി. അവളുടെ ജീവിതം ഭാഗ്യപൂർണമായത് ഈ വചനം സ്വീകരിച്ച് അതിനനുസൃതമായി ജീവിച്ചതിനാലാണ്. വി. ലൂക്കായുടെ സുവിശേഷം 21,27-28 ൽ നമ്മൾ കാണുന്നുണ്ട് "ഈശോ ഇത് അരുളിച്ചെയ്തുകൊണ്ടിരുന്നപ്പോൾ ജനക്കൂട്ടത്തിൽ നിന്ന് ഒരു സ്ത്രീ സ്വരമുയർത്തി പറഞ്ഞു, അങ്ങയെ വഹിച്ച ഉദരവും പാലൂട്ടിയ സ്തനങ്ങളും ഭാഗ്യമുള്ളവ. എന്നാൽ ദൈവവചനം കേട്ട് അതു പാലിക്കുന്നവർ കൂടുതൽ ഭാഗ്യമുള്ളവരാകുന്നു" എന്ന് ഈശോ പറഞ്ഞു. ദൈവവചനം കേട്ട് അതു സ്വീകരിച്ച് അതനുസരിച്ചു ജീവിച്ചു എന്നതിലാണ് തന്റെ അമ്മയുടെ ഭാഗ്യത്തിന്റെ രഹസ്യം എന്ന് ഈശോ വെളിപ്പെടുത്തുകയായിരുന്നു. പരി. കന്യകാമറിയത്തിന്റെ ജീവിതം വിശ്വാസത്തിന്റെ ഒരു തീർത്ഥാടനമായിരുന്നു. പരി. മറിയം ചെറുപ്പം മുതൽ തന്റെ ഹൃദയത്തിൽ കാത്തുസൂക്ഷിച്ച ഇഷ്ടങ്ങളെല്ലാം ദൈവത്തിന്റെ പദ്ധതികൾക്കു വിട്ടുകൊടുത്തുകൊണ്ട് ഈ വിശ്വാസതീർത്ഥാടനം വിജയകരമായി പൂർത്തിയാക്കി.

"എന്റെ ആത്മാവു കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു, എന്റെ ഹൃദയം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1,47). പരി. മറിയത്തിന് കൃതജ്ഞതയുടെ ഈ സ്തോത്രഗീതം ആലപിക്കാൻ സാധിച്ചത് ജീവിതം സുഖപ്രദമായിരുന്നതുകൊണ്ടല്ല, മറിച്ച് തന്റെ ജീവിതത്തിലെ ഓരോ സംഭവത്തെയും ദൈവഹിതമായി കണ്ട് സ്വീകരിച്ചതുകൊണ്ടാണ്. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും വർണ്ണിക്കാൻ സാധിക്കാത്തതരത്തിലുമുള്ള കഷ്ടപ്പാടിന്റെ വഴികളിലൂടെയാണ് പരി. കന്യകാമറിയം സഞ്ചരിച്ചത്. ദൈവഹിതം നിറവേറ്റുന്നതിനുവേണ്ടി അനുഭവിക്കേണ്ടിവന്ന അവളുടെ സഹനജീവിതം അതികഠോരമായിരുന്നു.




തന്റെ ഹിതം ദൈവത്തിന്റെ ഹിതത്തിനുവേണ്ടി ത്യജിക്കേണ്ടിവന്ന അനുഭവം, ഭർത്താവിനാൽ സംശയിക്കപ്പെട്ട അനുഭവം, തന്റെ ഓമനക്കുഞ്ഞിനെ പ്രസവിക്കുന്നതിന് ഇടം കിട്ടാതെ അവിടെയും ഇവിടെയും അലഞ്ഞു നടക്കേണ്ടിവന്ന അനുഭവം. ഒടുവിൽ ഒരിടത്തും ആശ്രയം കിട്ടാതെ ദൈവപുത്രനെ കാലിത്തൊഴുത്തിൽ പ്രസവിക്കേണ്ടിവന്ന അനുഭവം, പാതിരാവിൽ തണുപ്പുകൊണ്ടു വിറയ്ക്കുന്ന ദിവ്യ ഉണ്ണിയെ പുതപ്പിക്കാൻ പഴയതുണിപോലും ഇല്ലാതെവന്ന അനുഭവം, ഹേറോദേസിനെ ഭയന്ന് ഉണ്ണിയേയും കൊണ്ട് ഈജിപ്തിലേക്കുള്ള ഒളിച്ചോട്ടം, ഒരു വാൾ നിന്റെ ഹൃദയത്തെ ഭേദിക്കുമെന്ന ശെമയോന്റെ പ്രവചനം, ബാലനായ ഈശോയെ കാണാതെ തേടി നടന്ന അനുഭവം, കുടുംബഭാരമെല്ലാം തന്റെ ചുമലിലേല്പിച്ച് തന്റെ എല്ലാമായ ഭർത്താവിന്റെ വേർപാട്, തന്റെ പ്രിയപുത്രനെ 'തച്ചന്റെ മകൻ' എന്നു പറഞ്ഞ് സ്വന്തക്കാർപോലും പുച്ഛിച്ചു തള്ളിയ അനുഭവം, തന്റെ ഓമനമകനെ ഒരുനോക്കുകാണാൻ കൊതിച്ചു ചെന്നിട്ട് കാണാൻ സാധിക്കാതെ പോയ അവസരം, തന്റെ പുത്രൻ ചാട്ടവാറടിയേറ്റ് ദേഹമാസകലം മുറിപ്പെട്ട് തോളിൽ കുരിശും വഹിച്ചു നടന്നും വീണും പോകുന്ന ദയനീയ കാഴ്ച, കുരിശിന്റെ വഴിയിൽ അമ്മയും മകനും തമ്മിൽ കണ്ടുമുട്ടിയ അവസരത്തിൽ ആ മുറിവുകളിൽ ഒന്നു തലോടി ആശ്വസിപ്പിക്കാൻപോലും സാധിക്കാതെ പരസ്പരം നോക്കി നിൽക്കേണ്ടിവന്ന വേദനയുടെ നിമിഷം, കുരിശിൽ തൂങ്ങി വേദനകൊണ്ടു പിടഞ്ഞുമരിക്കുന്ന മകനെ നിസ്സഹായായി നോക്കിനിൽക്കേണ്ടിവന്ന അവസരം, കുരിശിൻ ചുവട്ടിൽ ദേഹമാകെ രക്തത്താൽ അഭിഷേകം ചെയ്യപ്പെട്ട ഓമനപ്പുത്രന്റെ മൃതശരീരം തന്റെ മടിയിൽ കിടക്കുന്ന ഹൃദയഭേദകമായ കാഴ്ച-ഈ തിക്താനുഭവങ്ങളുടെയെല്ലാം മുമ്പിൽ തളരാതെ, ആരോടും ഒരു പരാതിയും പറയാതെ എല്ലാം ദുഃഖങ്ങളും ഹൃദയത്തിൽ സംഗ്രഹിച്ച് പരി. കന്യകാമറിയം ദൈവഹിതത്തിനു തന്നെത്തന്നെ സമർപ്പിക്കുകയായിരുന്നു. ദൈവത്തിന്റെ ക്രൂരമെന്നു തോന്നിയേക്കാവുന്ന കടന്നുവരവിലെല്ലാം 'ഇതാ കർത്താവിന്റെ ദാസി, അവിടുത്തെ തിരുഹിതം നിറവേറട്ടെ' എന്നു ഏറ്റുപറഞ്ഞവളാണ് പരി. കന്യകാമറിയം. അങ്ങനെ അവൾ തന്റെ സഹനം ഈശോയുടെ സഹനത്തോടു ചേർത്തുവച്ച് രക്ഷാകരദൗത്യം പൂർത്തിയാക്കാൻ സഹായിച്ചു.

ദൈവഹിതവുമായി താദാത്മ്യപ്പെട്ടുജീവിക്കുവാൻ പരി. കന്യകാമറിത്തിനു സാധിച്ചത് പ്രാർത്ഥനാജീവിതത്തിലൂടെ ദൈവവുമായി അഗാധബന്ധം പുലർത്തിയിരുന്നതിനാലാണ്. ജീവിതത്തിലെ എല്ലാവിധ അനുഭവങ്ങളും ദൈവത്തിന്റെ പ്രത്യേക ഇടപെടലുകളായി കണ്ട് ശാന്തതയോടെയും സമചിത്തതയോടുംകൂടെ സ്വീകരിച്ച് അവയ്ക്കെല്ലാം 'ആമ്മേൻ' പറഞ്ഞ പരി. അമ്മയ്ക്ക് ദൈവം നൽകിയ സമ്മാനമാണ് സ്വർഗാരോപണം എന്ന ഭാഗ്യം. പരി. അമ്മ തന്റെ ഈലോകജീവിത പരിസമാപ്തിയിൽ ആത്മശരീരങ്ങളോടെ മാലാഖമാരാൽ സ്വർഗത്തിലേക്കെടുക്കപ്പെട്ടതിന്റെ ഓർമ്മയാണ് സ്വർഗാരോപണത്തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നത്. നമ്മുടെ ജീവിതത്തിൽ സഹനങ്ങൾ നേരിടുമ്പോൾ അവയോടു നിഷേധാത്മകമായി പ്രതികരിക്കാതെ പ്രതീക്ഷയോടെ അവയെ അഭിമുഖീകരിക്കുവാൻ പരി. അമ്മയുടെ ജീവിതം നമുക്കു മാതൃകയാക്കാം.

ക്രൈസ്തവജീവിതവും സഹനത്തിന്റെയും കുരിശുവഹിക്കലിന്റെയും ജീവിതമാണ്. സഹനം ഒഴിവാക്കാൻ ശ്രമിക്കാതെ "അവസാനംവരെ സഹിച്ചുനില്ക്കുന്നവർ രക്ഷപ്രാപിക്കും" (മത്താ 24,13). ഓരോ കുടുംബത്തിലും പരിഭ്രമിപ്പിക്കുന്നതും അസ്വസ്ഥതപ്പെടുത്തുന്നതും മനസ്സിലാക്കാനാവാത്തതുമായ പ്രശ്നങ്ങളും ഒട്ടും പ്രതീക്ഷിക്കാത്തതും സഹിക്കാനാവാത്തതും നമ്മുടെ കണക്കുകൂട്ടലുകൾക്കും ആഗ്രഹങ്ങൾക്കും വിവരീതമായതുമായ ധാരാളം അനുഭവങ്ങൾ ഉണ്ടാകും. സഹനങ്ങളുടെ കാരണങ്ങൾ കണ്ടുപിടിക്കാനും എന്തുകൊണ്ട് എന്ന് മനസ്സിലാക്കാനും സാധിച്ചെന്നുവരില്ല. സാമ്പത്തിക തകർച്ച, മാനസിക പ്രശ്നങ്ങൾ, രോഗങ്ങൾ, പ്രിയപ്പെട്ടവരുടെ വേർപാടുകൾ നന്മചെയ്തിട്ടും തിന്മ അനുഭവപ്പെടുന്ന അവസരങ്ങൾ, സ്വന്തക്കാരിൽനിന്നുപോലും അനുഭവപ്പെടുന്ന വേദനകൾ, വരവിനതീതമായി ചെലവാക്കുന്നതുകൊണ്ടുണ്ടാകുന്ന കടക്കെണികൾ, കുടുംബപ്രശ്നങ്ങൾ ഇങ്ങനെ നിരവധി പ്രശ്നങ്ങൾ നമുക്കും അഭിമുഖീകരിക്കേണ്ടിവരും. ഇന്നു മനുഷ്യൻ സഹനങ്ങൾ നേരിടുമ്പോൾ നിരാശനായി അതിൽനിന്നും രക്ഷപ്പെടാനായി ജീവിതം അവസാനിപ്പിക്കുന്നു. എന്നാൽ ആത്മഹത്യയല്ല സഹനങ്ങൾക്കുള്ള പരിഹാരം. ഈശോ സ്വന്തം രക്തം വിലയായി കൊടുത്ത് വീണ്ടെടുത്തവരാണ് നമ്മൾ. ആ ജീവിതം നശിപ്പിക്കുവാനുള്ള അവകാശം നമുക്കില്ല. ജറെമിയാ പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്യുന്നു. "നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി". ഏശ 55,8-ൽ പറയുന്നു "എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല; നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല". ദൈവത്തിന്റെ വഴിയിലൂടെ നടക്കുമ്പോൾ നേരിടുന്ന പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ അവൻ പരീക്ഷകളെ അതിജീവിച്ചുകഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും (യാക്കോ 1,12). വിവിധതരം സഹനങ്ങളാൽ നമ്മൾ പരീക്ഷിക്കപ്പെടുമ്പോൾ, ജോബിന് സഹനങ്ങൾ ഉണ്ടായപ്പോൾ ദൈവത്തിൽനിന്നും വ്യതിചലിപ്പിക്കാൻ പരിശ്രമിച്ച സാത്താൻ നമ്മളിലും അവന്റെ കുതന്ത്രങ്ങൾ പ്രയോഗിക്കും. അപ്പോൾ അസ്വസ്ഥരാകാതെ നിരാശപ്പെടാതെ, വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ദുഃഖിക്കുന്നവരും ഭാരംവഹിക്കുന്നവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം എന്നു പറഞ്ഞ ഈശോയുടെ പക്കൽ ആശ്രയം തേടണം. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, എന്നിൽ വിശ്വസിക്കുവിൻ എന്നു പറഞ്ഞ ഈശോയിൽ ആശ്രയം വയ്ക്കാനായാൽ അവിടുന്ന് നമ്മെ ശക്തിപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യും. നമ്മുടെ സഹനങ്ങളുടെ പിന്നിലെ ദൈവത്തിന്റെ സ്നേഹപരിപാലന കണ്ടെടുക്കുവാൻ നമുക്കു സാധിക്കും. ജീവിതത്തിലെ എല്ലാ അനുഭവങ്ങളിലും ദൈവപരിപാലന ദർശിച്ച് ദൈവതിരുമനസ്സു നിറവേറ്റിയ പരി. അമ്മയോട് നമ്മുടെ ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം 'അവിടുത്തെ ഹിതം നിറവേറട്ടെ' എന്നു പറയുവാൻ ഞങ്ങളെയും സഹായിക്കണമേ എന്നു പ്രാർത്ഥിക്കാം. അപ്പോൾ എല്ലാ ദുഃഖാനുഭവങ്ങളും ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു ശാന്തതയോടും സമചിത്തതയോടുംകൂടി ജീവിക്കുവാൻ അമ്മയുടെ നിരന്തര സംരക്ഷണം നമുക്കു ലഭിക്കും.



പ്രതീക്ഷയുടെ
## പൂമൊട്ടുകൾ



# എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ടു ഞാൻ നിന്നെ ഉപേക്ഷിച്ചു?

സാബി, കോഴിക്കോട്

'എന്റെ ദൈവമേ എന്റെ ദൈവമേ എന്തു കൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?' മിശിഹാനാഥന്റെ ഗത്സെമെനിയിലെ ഈ ആർത്തനാദം സഹനങ്ങളിൽ നിന്നും ഒളിച്ചോടാനുള്ള ഒരു തുറുപ്പു ചീട്ടായി നാം ഉപയോഗിക്കാറുണ്ട്. നമ്മുടെ ജീവിതത്തിലെ എല്ലാ സഹനങ്ങളുടെയും ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ കർത്താവ് ബാധ്യസ്ഥനാണല്ലോ?'

ഇതിൽനിന്നും വ്യത്യസ്തമായി ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്ന ചില അതിസാധാരണ വ്യക്തിത്വങ്ങൾ നമുക്കു ചുറ്റുമുണ്ട്. എന്റെ കളിക്കൂട്ടുകാരിയായിരുന്നു ഗ്ലാഡിസ്. പെലിക്കൻ പക്ഷിയുടെ ചിറകുള്ളവൾ. അല്ലലും അലച്ചിലും എന്തെന്നറിയാതെ വളർന്നു. സമ്പത്തും സൗന്ദര്യവും നിറഞ്ഞ ഒരു യുവത്വം നിറഞ്ഞുനില്ക്കെ ഏറെ സ്വപ്നങ്ങളോടെ വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചവൾ അമേരിക്കയിൽ ഭർത്താവിനോടൊപ്പം സ്ഥിരതാസമാക്കി. പിന്നീടാണറിഞ്ഞത് രണ്ട് ആൺകുട്ടികളെ സമ്മാനിച്ച് ഭർത്താവ് അവളെ ഉപേക്ഷിച്ചു മറ്റൊന്നിന്റെ പിന്നാലെ പോയി എന്ന്. തന്റെ വിധിയോർത്ത് വിലപിക്കാതെ, സ്വഭവനത്തിലേക്ക് തിരിച്ചുവരാതെ പകലന്തിയോളം അന്യരാജ്യത്ത് ജോലിയെടുത്ത് അവൾ മക്കളെ വളർത്തി.

കഴിഞ്ഞമാസം അപ്രതീക്ഷമായി എനിക്കൊരു ഫോൺകോളെത്തി. ദൈവം തന്റെ കുസൃതികളുമായി അവളെ വീണ്ടും വേട്ടയാടുന്നു. അവൾക്ക് രക്താർബുദമാണ്. അതും ഗുരുതരാവസ്ഥയിലെത്തിനില്ക്കുന്നു. സാന്ത്വനിപ്പിക്കുവാൻ എനിക്കറിയില്ലായിരുന്നു. എന്റെ നിശബ്ദതയുടെ അർത്ഥം ഗ്രഹിച്ചിട്ടാവണം അവൾ പറഞ്ഞു. നിനക്കറിയുമോ ഞാനിപ്പോൾ ചോദിക്കുന്ന ഒരു ചോദ്യമുണ്ട് എന്റെ ദൈവമേ... ഞാൻ കൂട്ടിച്ചേർത്തു എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു? എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് മറുതലയ്ക്കൽ നിന്ന് തീക്ഷ്ണതയുള്ള ശബ്ദം കേട്ടു. അങ്ങനെയല്ല സുഹൃത്തേ, 'എന്റെ ദൈവമേ എന്തുകൊണ്ട് 'ഞാൻ' നിന്നെ ഉപേക്ഷിച്ചു?'

ദൈവം നമ്മെ ഉപേക്ഷിക്കുകയില്ല. നാമാണ് വേദനകളുടെയും ദുഃഖത്തിന്റെയും മധ്യേ നമ്മോടൊപ്പം കരയുന്ന ദൈവത്തെ മറന്നു പോവുക. മറിച്ച് ദൈവത്തെ കൂടുതൽ



ദൈവം നമ്മെ ഉപേക്ഷിക്കുകയില്ല. നാമാണ് വേദനകളുടെയും ദുഃഖത്തിന്റെയും മധ്യേ നമ്മോടൊപ്പം കരയുന്ന ദൈവത്തെ മറന്നു പോവുക. മറിച്ച് ദൈവത്തെ കൂടുതൽ വിളിക്കുവാൻ, അവിടുത്തെ സാന്നിദ്ധ്യമനുഭവിക്കുവാനുള്ള സുവർണ്ണാവസരമായി ഇതിനെ കണ്ടാൽ നമ്മുടെ സഹനങ്ങൾക്ക് അർത്ഥമുണ്ടാകും.


വിളിക്കുവാൻ, അവിടുത്തെ സാന്നിദ്ധ്യമനുഭവിക്കുവാനുള്ള സുവർണ്ണാവസരമായി ഇതിനെ കണ്ടാൽ നമ്മുടെ സഹനങ്ങൾക്ക് അർത്ഥമുണ്ടാകും.

ക്രൈസ്തവന്റെ അനുദിനജീവിതം, ഗത്സെമൻ അനുഭവങ്ങളുടെയും ഉത്ഥാനം നൽകുന്ന പ്രതീക്ഷയുടെയും തനിയാവർത്തനങ്ങളാണ്. പീഡാനുഭവങ്ങൾ അവന്റെയും അവൻ വഴി രക്ഷ നേടേണ്ട ആത്മാക്കളുടെയും അവകാശം തന്നെയാണ്. ഇവിടെ ആവശ്യം ഗത്സമെനിൽ നിന്നും ഉത്ഥാനത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുവാൻ കെല്പുള്ളവനെ വിളിച്ചുണർത്തുക എന്നതുമാത്രമാണ്. അവൻ നിന്റെ ഹൃദയത്തിന്റെ കൊടുങ്കാറ്റുകളെ ശാന്തമാക്കും.

വേദനകൾ നമ്മെ ശൂന്യതാബോധത്തിലേക്കും ഭീരുത്വത്തിലേക്കും നയിക്കരുത്. മറിച്ച് കൂടെ നടക്കുന്നവനെ തിരിച്ചറിയുവാനുള്ള സംവേദനക്ഷമത വളർത്തുക. എമ്മാവൂസ് അനുഭവം നമ്മെ പഠിപ്പിക്കുന്നത് ഇതുതന്നെയല്ലേ?

മാനുഷിക തകർച്ചകളിൽ കൂപ്പുകുത്തേണ്ടതല്ല നമ്മുടെ വിശ്വാസജീവിതം. ആഴക്കടലിലും നിനക്കുവേണ്ടി നീട്ടപ്പെടാനൊരു കരമുണ്ടെന്നും, ആ കരങ്ങൾ നിനക്ക് അള്ളിപ്പിടിക്കുവാനുള്ള ഉറപ്പേറിയ കച്ചിത്തുരുമ്പാണെന്നും വിശ്വസിച്ച് ആശ്രയിക്കുക. നീയറിയാതെ നിന്റെ ജീവിതമാകുന്ന ചെങ്കടലിൽ നിനക്കായ് പാതയൊരുക്കുന്നത് ഏറെ വൈകാതെ നീ അനുഭവിക്കും.

പ്രശ്നങ്ങളിൽ വിഭ്രാന്തി മൂത്ത് മറ്റുള്ളവരെക്കൂടെ പരിഭ്രാന്തിയിലാഴ്ത്താനോ എല്ലാം മറ്റുള്ളവരുടെ കുറ്റം കൊണ്ട് സംഭവിച്ചു എന്ന് പഴിചാരാനോ ശ്രമിക്കാതെ ദൈവമേ, നിന്റെ പരിശുദ്ധി നുകരുന്നതിന് എന്നെ സഹായിക്കുന്ന ചവിട്ടുപടികളായ അനുദിനരക്തസാക്ഷിത്വം വരിക്കുവാൻ എന്നെ സഹായിക്കണമേ എന്ന് യാചിക്കാം. നമ്മുടെ ഹൃദയം നമ്മെ ചോദ്യം ചെയ്യട്ടെ, ദൈവമേ എന്തുകൊണ്ട് 'ഞാൻ' നിന്നെ ഉപേക്ഷിച്ചു?




# ജീവിതം ആസ്വദിക്കാനുള്ളതോ?

ആൻസി കടുപ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ-സഹോദരന്മാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു..."

കുഞ്ഞുനാളിൽ സ്കൂൾ അസംബ്ലികളിൽ ആവേശത്തോടെ നാം ചൊല്ലി തഴമ്പിച്ച പ്രതിജ്ഞാവചനങ്ങൾ!!! ഇവ ഒരിക്കൽക്കൂടി നമ്മുടെ മനോമുകരങ്ങളിൽ അലയടിപ്പിച്ചുകൊണ്ട് വീണ്ടുമൊരു സ്വാതന്ത്ര്യദിനം കൂടി നാം ആഘോഷിക്കുകയുണ്ടായി. ഇത്തരുണത്തിൽ എന്താണ് യഥാർത്ഥ സ്വാതന്ത്ര്യമെന്നും അത് എപ്രകാരം നേടിയെടുക്കാമെന്നും യുവതീ-യുവാക്കളായ നാം ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു.

ഏതാനും മാസങ്ങൾക്കുമുമ്പ് ജയിൽ സന്ദർശനവേളയിൽ പരിചയപ്പെട്ട ഒരു യുവാവ്, ആരെയും കാണുവാനോ സംസാരിക്കുവാനോ താല്പര്യമില്ലാത്ത മട്ടിൽ ജയിലറയ്ക്കുള്ളിൽ ദൂരേക്ക് കണ്ണുംനട്ടിരിക്കുന്ന ഒരു ഇരുപത്തഞ്ചുകാരൻ. ഏതാനും സമയം അവന്റെ അടുക്കൽ ചെലവഴിച്ചപ്പോൾ അവന്റെ ജീവിതകഥ പങ്കുവച്ചതിങ്ങനെ.



പ്ലസ് ടു വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനാർത്ഥം അവൻ ബാംഗ്ലൂരിലേക്ക് യാത്രയായി. അവിടെ പ്രശസ്തമായ ഒരു കോളേജിൽ പഠനം ആരംഭിച്ചു.

പുത്തൻ നാട്.. പുത്തൻസംസ്കാരം... പുത്തൻകൂട്ടുകാർ.. കുടുംബത്തിലും സ്കൂളിലുമുള്ളതിനേക്കാൾ കൂടുതൽ സ്വാതന്ത്ര്യമുള്ള അന്തരീക്ഷം. ഏതാനും ആഴ്ചകൾ കൊണ്ട് അവന്റെ മട്ടും ഭാവവും മാറി.

"ജീവിതം ഒന്നേ ഉള്ളൂ... അത് ആസ്വദിക്കാനുള്ളതാണ്". ഈ ചിന്താഗതി അവനിൽ ആകമാനം മാറ്റം വരുത്തി. പല ദിവസങ്ങളിലും അവൻ ക്ലാസ്സിൽ കയറാതായി. മദ്യപാനവും ലഹരിപദാർത്ഥങ്ങളുമായി അവൻ ചുറ്റിക്കറങ്ങി; തനിക്കു യോജിച്ച ഒന്നു രണ്ടുകൂട്ടുകാരെയും ഇക്കാലയളവിൽ അവൻ നേടിയുത്തു. തന്നിൽ മുഴുവൻ പ്രതീക്ഷയുമർപ്പിച്ചിരുന്ന പ്രിയപ്പെട്ട മാതാ-പിതാക്കളെ അവൻ ഓർത്തതേയില്ല; പ്രിൻസിപ്പലിന്റെയും അധ്യാപകരുടെയും ഉപദേശങ്ങൾ അവൻ പാടേ അവഗണിച്ചു. തന്റെ വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമായിട്ടാണ് അവയൊക്കെ അവന് അനുഭവപ്പെട്ടത്. എന്തിനധികം ഇന്നവൻ അറിയപ്പെടുന്ന ഒരു മോഷ്ടാവും, വാടകക്കൊലയാളിയുമാണ്. അവൻ പറയുകയാണ്:

"എനിക്കിനി നഷ്ടപ്പെടുവാൻ ഒന്നുമില്ല; എന്റെ ജീവിതം നശിച്ചു. എങ്ങനെയെങ്കിലും ഇതൊന്നു തീർന്നു കിട്ടിയാൽ മതി."

പ്രിയപ്പെട്ടവരേ, സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗംകൊണ്ട് ഉണ്ടായ വൈകല്യങ്ങളാണ് ഈ ചെറുപ്പക്കാരന്റെ ജീവിതം തച്ചുടച്ചത് എന്നതിന് യാതൊരു സംശയവുമില്ല. നാടും, വീടും, മാതാപിതാക്കളെയും വിട്ട് വിദൂരതയിൽ ആയിരിക്കുമ്പോൾ അവൻ തിരിച്ചറിഞ്ഞില്ല അവിടെയും പതുങ്ങി ഇരിക്കുന്ന അപായ കെണികൾ.

സ്വാതന്ത്ര്യമെന്നാൽ കഠിനാദ്ധ്വാനം ചെയ്യാതെ... സ്വന്തം ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാതെ... ആരുടെയും ഉപദേശങ്ങൾക്ക് ചെവികൊടുക്കാതെ.... ആരോടും കടപ്പാടില്ലാതെ... സുഖമായി അടിച്ചുപൊളിച്ച് ആഘോഷിക്കുന്നതാണെന്ന് പാവം ഈ ചെറുപ്പക്കാരൻ തെറ്റിദ്ധരിച്ചു. ഈ ചിന്താഗതി അവനെ ഒരിക്കലും എഴുന്നേറ്റുവരാൻ പറ്റാത്ത അഗാധഗർത്തത്തിലേക്ക് തള്ളിയിട്ടു.

സ്വാതന്ത്ര്യം അനുഭവിക്കുവാൻ വേണ്ടി കുത്തഴിഞ്ഞ ജീവിതം നയിക്കുന്നവർക്ക് വഴിതെറ്റുന്നു. സ്വാർത്ഥ സുഖമോഹങ്ങളിൽ മുഴുകി ജീവിക്കുന്നതല്ല യഥാർത്ഥ സ്വാതന്ത്ര്യം. യഥാർത്ഥ സ്വാതന്ത്ര്യമെന്നാൽ ചെയ്യേണ്ടതു ചെയ്യേണ്ടതു പോലെ ചെയ്യാനും, ചെയ്യാതിരിക്കേണ്ടത് ചെയ്യാതിരിക്കുവാനും ഉള്ള ഒരു ലൈസൻസാണ്.

ആഫ്രിക്കയുടെ സ്വാതന്ത്ര്യത്തിനും ഉന്നതിക്കും വേണ്ടി അഹോരാത്രം പ്രവർത്തിച്ച നെൽസൺ മണ്ടേലയുടെ ജീവചരിത്രം അവസാനിക്കുന്നത് ഇങ്ങനെയാണ്.

''സ്വാതന്ത്ര്യത്തിലേക്കുള്ള വഴി ഞാൻ നടന്നുകഴിഞ്ഞു. ഒരു സത്യം ഞാൻ മനസ്സിലാക്കി. ഒരു വലിയ കുന്നുകഴിയുമ്പോഴാണ് പിന്നെയും കയറാൻ ഒരുപാട് കുന്നുകളുണ്ടെന്ന് ഒരാൾ മനസ്സിലാക്കുക.''

അതെ, യുവത്വവും ഒരു യാത്രയാണ്. ജീവിതത്തിന്റെ വസന്തത്തിലേക്കുള്ള യാത്ര. നന്മയിലേക്കും തിന്മയിലേക്കും ഒന്നുപോലെ സാധ്യതയുള്ളതും, സ്വാതന്ത്ര്യവും പങ്കാളിത്തവും പരിഗണനയും ഏറ്റവും കൂടുതൽ ആഗ്രഹിക്കുകയും, പുതിയ, പുതിയ അനുഭവങ്ങൾക്കുവേണ്ടി കൊതിക്കുകയും ചെയ്യുന്ന ഒരു യാത്ര! ഈ യാത്രയിൽ വി. പത്രോസ്ശ്ലീഹായുടെ ഉപദേശം നമുക്ക് വഴികാട്ടിയാവട്ടെ!

"യുവാക്കളേ, നിങ്ങൾ ശ്രേഷ്ഠന്മാർക്കു വിധേയരായിരിക്കുവിൻ. പരസ്പര വിനയത്തിന്റെ അങ്കി അണിയുവിൻ. ദൈവം അഹങ്കാരികളെ എതിർക്കുകയും വിനയമുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു. ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്ന് തക്ക സമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്. നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ" (1 പത്രോ 5,5-7).

ആയതിനാൽ യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ സ്രോതസ്സും, വഴിത്താരയുമായ ദൈവത്തിങ്കലേക്ക് നമുക്ക് ഉണർന്നിരിക്കാം. പൗലോസ് ശ്ലീഹാ പറയുന്നു: "യുവാക്കന്മാരേ, നിങ്ങൾ ശക്തരാണ് എന്തെന്നാൽ വചനം നിങ്ങളിൽ വസിക്കുന്നു." അതെ ദൈവവചനത്തിന് ദാസിയായിത്തീർന്ന, ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട പരി. അമ്മ നമുക്ക് മാതൃകയും വഴികാട്ടിയുമാകട്ടെ!

ദൈവമക്കളുടെ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കാൻ, അങ്ങനെ നമ്മുടെ ജീവിതം മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാക്കിതീർക്കുവാൻ, അതുവഴി ജീവിതം ആഘോഷമാക്കി മാറ്റുവാൻ യുവാവായ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

**"യുവാക്കന്മാരേ, നിങ്ങൾ ശക്തരാണ് എന്തെന്നാൽ വചനം നിങ്ങളിൽ വസിക്കുന്നു."**



പ്രതീക്ഷയുടെ
പൂമൊട്ടുകൾ

# നീ നിലം പാഴാക്കുന്നുവോ?

നെവിൻ



ആരുടെയും ജീവിതം യാദൃശ്ചികമോ, സ്വാഭാവികമോ ആയി കരുതാൻ പാടില്ല. ഓരോരുത്തരും ഇന്ന് ആരായിരിക്കുന്നു, എന്തായിരിക്കുന്നു എന്നതിന്റെ പിന്നിൽ കൃത്യമായ പരിചരണത്തിന്റെയും പരിഗണനയുടെയും കരങ്ങളുണ്ട്. മാതാപിതാക്കളുടെ കണ്ണീരും വിയർപ്പും, അറിവിന്റെ വെളിച്ചം തെളിച്ച് തന്ന ഗുരുജനങ്ങളുടെ സാന്നിദ്ധ്യം, ആവശ്യങ്ങളിൽ സഹായഹസ്തവുമായി കൂട്ടിനെത്തിയവർ; അങ്ങനെ ദൈവം നൽകിയ എത്രയോ പ്രത്യേക പരിഗണനകൾ. അതുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങൾ നൽകപ്പെട്ടവരിൽ നിന്നും ദൈവം കൂടുതൽ പ്രതീക്ഷിക്കുന്നുണ്ടെന്നുള്ള ഒരു ഓർമ്മപ്പെടുത്തലാണ് വി. ഗ്രന്ഥത്തിലെ ഫലം ചൂടാത്ത അത്തിമരത്തിന്റെ ഓർമ്മ.

ഫലം പ്രതീക്ഷിച്ചുകൊണ്ട് ദൈവം മുന്തിരിത്തോട്ടത്തിൽ നട്ടു നിർത്തിയ ഒരു അത്തിവൃക്ഷമാണ് ഞാനും നീയും. ചില പ്രത്യേക പരിഗണനകൾ ലഭിക്കുന്നയാൾ. ദൈവവചനമാകുന്ന വളവും വെള്ളവും, കൂദാശയാകുന്ന പോഷണങ്ങൾ, സഭ എന്തുമാത്രം പ്രത്യേക പരിഗണനകളാണ് എനിക്കു നൽകുന്നത്. അത്തിമരത്തിൽ നിന്നും അതിന്റെ കഴിവിന് അതീതമായതൊന്നും കൃഷിക്കാരൻ ആവശ്യപ്പെടുന്നില്ല. മറിച്ച് ഫലം ചൂടേണ്ട ന്യായമായ സമയം കഴിഞ്ഞിരിക്കുന്നതിനാൽ ഫലം അന്വേഷിച്ചുവെന്ന് മാത്രം.

വൃക്ഷത്തെ തിരിച്ചറിയുന്നത് ഫലത്തിലൂടെയാണ്. ഫലമില്ലാതെ പോകുകയെന്നാൽ ആ വൃക്ഷത്തെ തിരിച്ചറിയാൻ കഴിയാതെ പോകുന്നുവെന്നാണർത്ഥം. അങ്ങിനെ വരുമ്പോൾ, ഫലമില്ലാതെ പോകുന്നുവെന്നു വച്ചാൽ ഒരുവൻ തന്നെത്തന്നെ ജീവിതത്തിൽ കണ്ടെത്താതെ പോകുന്നുവെന്നല്ലേ? ദൈവം വ്യത്യസ്ത സാഹചര്യങ്ങളിൽ, വിവിധങ്ങളായ സ്ഥലങ്ങളിൽ നമ്മെ നട്ടുനിർത്തിയിരിക്കുന്നു. നാമെല്ലാം നമ്മുടെ കഴിവിനനുസരിച്ച് ഫലം

ചൂടണമെന്ന് ന്യായമായും ദൈവം പ്രതീക്ഷിക്കുന്നുണ്ട്. ഒരു പക്ഷേ എനിക്ക് ലഭിച്ചിരിക്കുന്ന മണ്ണ് നല്ല വളക്കൂറുള്ളതോ തീരെ വളമില്ലാത്തതോ, ആയിരിക്കാം. ചിലപ്പോൾ ജലസമൃദ്ധിയുള്ളതോ, വരണ്ടതോ ആയിരിക്കാം. ദൈവം എന്റെ സാഹചര്യങ്ങൾക്കനുസരിച്ച് എന്നിൽ നിന്ന് പല നന്മകളും പ്രതീക്ഷിക്കുന്നുണ്ട്. ഓരോരുത്തരുടെയും കുടുംബപശ്ചാത്തലം, സാമ്പത്തികസ്ഥിതി, അയൽപക്കക്കാർ, ജീവിതപങ്കാളി, വിദ്യാഭ്യാസം, ജോലി തുടങ്ങിയവയൊക്കെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തമാണ്; അതിനാൽ ഒരാൾ വേറൊരുവനെപ്പോലെയാകണമെന്ന് ദൈവത്തിന് നിർബന്ധമില്ല. പക്ഷേ, ഓരോരുത്തരുടെയും ഉത്തരവാദിത്വങ്ങളും കടമകളും ഭംഗിയായി അവരവർ നിർവ്വഹിക്കണമെന്നൊരു ചെറുശാഠ്യമുണ്ട്. അല്ലെങ്കിൽ നീ ഫലം നൽകുന്നില്ലെന്ന് മാത്രമല്ല നിലം പാഴാക്കുന്നുവെന്ന് കൂടി കർത്താവ് കുറ്റപ്പെടുത്തും.

നിലം വൃക്ഷം നിൽക്കുന്ന ഒരടി മണ്ണ് മാത്രമല്ല, അതിന്റെ വളർച്ചയ്ക്ക് വൃക്ഷം സ്വീകരിക്കുന്ന മുഴുവൻ സാധ്യതകളും കൂടിയാണ്. എനിക്ക് ലഭിച്ച സാഹചര്യങ്ങളും സാധ്യതകളും കൂടിയാണ്. എനിക്കു ലഭിച്ചിരുന്ന സാധ്യതകളും സാഹചര്യങ്ങളും വേറൊരാൾക്കു ലഭിച്ചിരുന്നുവെങ്കിൽ ഒരു പക്ഷേ എത്രയോ മെച്ചമായ ഫലങ്ങൾ നൽകിയേനെ. കള്ളിമുൾച്ചെടികൾ പോലും പൂക്കുന്ന ഈ ഭൂമിയിൽ ഒരിക്കലും പൂക്കാതെയും ഫലമണിയാതെയും പോകുന്ന മനുഷ്യരെപ്പറ്റി കേൾക്കുന്നു; അറുപതും എഴുപതും വർഷങ്ങൾ ഈ ഭൂമിയിൽ കഴിഞ്ഞിട്ടും ആർക്കും ഉപകാരപ്പെടാതെ പോകുന്ന ജീവിതങ്ങൾ. നിലം പാഴാക്കിയ അത്തിമരത്തിന് കൃഷിക്കാരൻ ഒരു വർഷംകൂടി സമയം നീട്ടിക്കൊടുത്തു. ഫലം ചൂടാത്ത മനുഷ്യർക്ക് ദൈവം നീട്ടിക്കൊടുക്കുന്ന ഒരു വർഷം ചിലപ്പോൾ ഏതാനും മാസങ്ങളോ ഏതാനും വർഷങ്ങളോ ആയിരിക്കാം. ദൈവം പ്രത്യാശയോടും സ്നേഹത്തോടുംകൂടി കാത്തിരിക്കുന്ന നാളുകൾ. ഓരോ വർഷവും ഓരോ ദിവസവും, ഓരോ നിമിഷവും ദൈവം എനിക്ക് നീട്ടിത്തരുന്നത് കൂടുതൽ നന്മചെയ്യാനും കൂടുതൽ സ്നേഹിക്കാനുമാണെന്ന് ചിന്തിക്കാൻ കഴിഞ്ഞാൽ ഈ വിചാരം കുറെക്കൂടി ആഴമായി ജീവിതത്തെ സ്നേഹിക്കുവാൻ നമ്മെ പ്രേരിപ്പിക്കും.

ചുറ്റും സംഭവിക്കുന്നതിലെല്ലാം ദൈവം നമുക്കായി ഒരു പാഠം ഒളിപ്പിച്ചുവച്ചിരിക്കുന്നു. നമ്മുടെ ചുറ്റും കാണുന്ന അപകടങ്ങളും രോഗങ്ങളും തകർച്ചകളും നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തലാണ്. നിത്യതയുടെ കർഷകൻ കാത്തിരിക്കുന്നു, നീയും ഞാനും ഫലം ചൂടുന്നതിനായി..





രൂപീകരണം

# വിശുദ്ധി സ്നേഹമാണ് "ദൈവം സ്നേഹമാണ്"

(1 യോഹ 4,9)

**ലീനാ അറയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സ്നേഹം അതിന്റെ പരമാവധിയിൽ ജീവിക്കുന്നതാണ് വിശുദ്ധി. ദൈവത്തിൽ നിന്നും അനുദിനം സ്വീകരിക്കുന്നതാണീ മഹാദാനം. നമ്മെ ഇടതടവില്ലാതെ നൂതന സൃഷ്ടികളാക്കുന്ന ദൈവപിതാവിന്റെ അനന്തസ്നേഹത്തിൽ നിന്നും, ഓരോ മനുഷ്യനെയും രക്ഷിക്കുന്ന ഈശോയുടെ രക്ഷാകര സ്നേഹത്തിൽ നിന്നും, മനുഷ്യമക്കളെ മുഴുവൻ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ നിത്യസ്നേഹത്തിൽ നിന്നുമാണ് വിശുദ്ധിയെന്ന-സ്നേഹമാകുന്ന ഈ ദാനം സ്വീകരിക്കേണ്ടത്.

അനുദിന ജീവിതത്തിൽ വിശുദ്ധി-സ്നേഹം ജീവിക്കുന്നതിന് നമ്മിലെ നന്മയുടെ അംശങ്ങളെ നാം ശക്തിപ്പെടുത്തണം. ഒപ്പം തിന്മയുടെ ശക്തി ഇല്ലാതാകുന്നിടം വരെ പോരാടുകയും വേണം.

വിശുദ്ധിയുടെ ഈ ജീവിതം പ്രായോഗികമാക്കുന്നതിനായി:

***ദൈവത്തോട്:*** *ദൈവപിതാവിന്റെ മക്കളായും ഈശോയുടെ-ദിവ്യഗുരുവിന്റെ ശിഷ്യരായും പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലങ്ങളായും നാം നമ്മെത്തന്നെ തിരിച്ചറിയണം.*

***നമ്മോടുതന്നെ:*** *നമ്മുടെ കുറവുകളെ പരിഹരിക്കുന്നതിനായി സത്യം തന്നെയായ എളിമയെ നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. ഒപ്പം ഏറ്റവും വലിയ പുണ്യമായ സ്നേഹം അഭ്യസിക്കുകയും വേണം.*

***മറ്റുള്ളവരോട്:*** *മറ്റുള്ളവർക്കായി എപ്പോഴും പ്രഥമസ്ഥാനം മാറ്റി വച്ചുകൊണ്ടും എല്ലാവരെയും ശുശ്രൂഷിച്ചുകൊണ്ടും പ്രത്യേകിച്ച് അശരണരെയും അവശരെയും സമൂഹത്തിൽ വേദന അനുഭവിക്കുന്നവരെയും.*

***സാഹചര്യങ്ങളോട്:*** *ശാന്തതയുടെയും സമാധാനത്തിന്റെയും അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ചെറുതും വലുതുമായ ഉത്തരവാദിത്വങ്ങൾ സ്നേഹത്തോടെ നിർവ്വഹിച്ചുകൊണ്ട്, സാധാരണകാര്യങ്ങൾ അസാധാരണ രീതിയിൽ പാലിച്ചുകൊണ്ട് വിശുദ്ധിയുടെ അന്തരീക്ഷം നമുക്ക് സൃഷ്ടിക്കാം.*

പ്രകൃതിയുടെ പാഠം

# അസ്തമിക്കുന്ന യാഥാർത്ഥ്യങ്ങൾ



കിഴക്കുദിക്കുന്ന സൂര്യൻ ദിവസത്തിന്റെ സമാപ്തിയിൽ പടിഞ്ഞാറ് അസ്തമിക്കുന്നു.
കാലമാകുമ്പോൾ ഇലകളും പൂക്കളും പഴങ്ങളും ഞെട്ടറ്റ് വീഴുന്നു.
ആകാശഗോളങ്ങൾക്കും നക്ഷത്രങ്ങൾക്കും ഭൂമയിലെ സകല സൃഷ്ടവസ്തുക്കൾക്കുമെല്ലാം ഒരു അന്ത്യമുണ്ട്.
ലോകത്തിലെ യാഥാർത്ഥ്യങ്ങളെല്ലാം നശ്വരമാണ് വെള്ളത്തിലെ നീർക്കുമിളകൾ പോലെ...

എന്നിട്ടുമെന്തേ മർത്യാ ജീവിതസായാഹ്നത്തെക്കുറിച്ചുള്ള ചിന്ത ഒരിക്കൽപ്പോലും നിന്നിൽ ഉണരാത്തത്?
നിന്റെ ജീവിതത്തോണി നശ്വരതയുടെ കയർകൊണ്ട് ബന്ധിച്ചിരിക്കുന്നു എന്ന് ചിന്തിക്കാത്തത്?
നേടിയെടുത്തതെല്ലാം-അറിവും ആരോഗ്യവും അനുചരന്മാരും സുഖവും സമ്പത്തും സത്കീർത്തിയുമെല്ലാം മരണതീരത്ത് ഉപേക്ഷിക്കണം എന്ന് ഓർമ്മിക്കാത്തത്?
എന്തെല്ലാം ഉണ്ടെങ്കിലും ആരെല്ലാം ഉണ്ടെങ്കിലും അവയൊക്കെ, അവരൊക്കെ ജീവിതത്തിന്റെ അന്ത്യവിനാഴികവരെ മാത്രം നിന്നെ അനുഗമിക്കും.

ഇത് നിന്നിൽ നിരാശയുടെയും ഭയത്തിന്റെയും വിത്ത് വിതറാനുള്ള വാക്കുകളല്ല, മറിച്ച് ജീവിതത്തിന്റെ നശ്വരതയെ ഓർമ്മിപ്പിക്കുവാൻവേണ്ടി മാത്രം...
മരണശേഷം നിന്നെ അനുഗമിക്കാൻ കഴിയുന്നത് ജീവിതകാലത്ത് ചെയ്തുകൂട്ടുന്ന സത്കൃത്യങ്ങളാണെന്ന് ഓർമ്മിപ്പിക്കുവാൻവേണ്ടി മാത്രം...
നിന്റെ സ്രഷ്ടാവായ ദൈവം മാത്രമേ ഏതുസമയത്തും നിന്നോടൊത്ത് ഉണ്ടാകൂ എന്ന് ഓർമ്മിപ്പിക്കുവാൻവേണ്ടി മാത്രം...

ഈ ചിന്തകൾ അസൂയയിൽനിന്നും അഹന്തയിൽനിന്നും സ്വാർത്ഥതയിൽനിന്നും സുഖഭോഗങ്ങളിൽനിന്നും ജഡമോഹങ്ങളിൽനിന്നും ധനാസക്തിയിൽനിന്നുമൊക്കെ നിന്നെ മോചിപ്പിക്കും.
ജീവിക്കുക: ദൈവഹിതമനുസരിച്ച് വിശുദ്ധരായി ജീവിക്കുക. എങ്കിൽ, എല്ലാവരും ഉപേക്ഷിക്കുന്ന മരണതീരത്ത് ഇരുകൈകളും നീട്ടി നിന്നെ സ്വീകരിക്കാൻ നിന്റെ കർത്താവ് കാത്തിരിക്കും - അനശ്വരതയുടെ നാട്ടിലേക്ക് നിന്നെ കൂട്ടിക്കൊണ്ടുപോകാൻ.

By
**Muth**

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# അമ്മയോടൊപ്പം അനുഗ്രഹവഴിയേ





**തങ്കമ്മ ചേപ്പനത്ത്**
**അപ്പസ്തോലിക് ഒബ്ളേറ്റ്സ്**

**1-ാം ദൈവരഹസ്യം:** മനുഷ്യവംശത്തിന്റെ രക്ഷയ്ക്കായി ദൈവം തന്നിലൂടെ ഒരുക്കിയ പദ്ധതിയെ സന്തോഷത്തോടെ സ്വീകരിച്ച പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

പരി. മാതാവേ, അങ്ങേ ഉദരഫലത്തിന്റെ സൗന്ദര്യവും മഹത്ത്വവും കാണാൻ ഞങ്ങളുടെ കണ്ണുകളെ തുറക്കണമെ. ഞങ്ങളുടെ ജീവിതത്തിലെ ഏറ്റം നിസ്സാരമായ ദൈവദാനങ്ങൾ പോലും കാണുവാനും അവയെ അങ്ങയുടെ രക്ഷാപദ്ധതിയുടെ ഭാഗമായി സ്വീകരിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

**2-ാം ദൈവരഹസ്യം:** സ്വന്തം ബുദ്ധിമുട്ടുകൾ അവഗണിച്ച് മറ്റുള്ളവരെ സഹായിക്കാൻ മുന്നിട്ടിറങ്ങിയ പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

പരി. മാതാവേ, മറ്റുള്ളവർക്ക് നന്മ മാത്രം ചെയ്യുവാനും സ്വന്തം ക്ഷീണത്തെയും തകർച്ചകളെയും ബുദ്ധിമുട്ടുകളെയും മാറ്റിവച്ച് സഹോദരങ്ങളെ സഹായിക്കുവാനും ഞങ്ങൾ പ്രാപ്തരായിത്തീരുവാൻ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

**3-ാം ദൈവരഹസ്യം:** ഏലീശ്വായും അവളുടെ ഉദരത്തിലെ ശിശുവും പരി. അമ്മയുടെ സാന്നിദ്ധ്യത്താൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞത് നമുക്ക് ധ്യാനിക്കാം.

പരി. മാതാവേ, അങ്ങേ മാദ്ധ്യസ്ഥ്യത്തിലൂടെ അങ്ങേ പ്രിയപുത്രന്റെ തിരുമുഖഛായ മറ്റുള്ളവരിൽ കാണുവാനും, സമീപിക്കുന്നവർക്കെല്ലാം ദൈവികസാന്നിദ്ധ്യം പകർന്നു നല്കാനും ഞങ്ങളെ സഹായിക്കണമേ.

**4-ാം ദൈവരഹസ്യം:** "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറും" എന്ന ശിമയോന്റെ വാക്കുകൾ ശാന്തതയോടെ ശ്രവിക്കുന്ന പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

പരി. മാതാവേ, സഹനങ്ങളെല്ലാം ദൈവഹിതമായി സ്വീകരിച്ചുകൊണ്ട് ത്യാഗസുരഭിലമായ ഒരു ജീവിതം സ്വന്തമാക്കുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

**5-ാം ദൈവരഹസ്യം:** കാനായിലെ വിവാഹവിരുന്നിൽ, "അവൻ നിങ്ങളോടു പറയുന്നത് ചെയ്യുവിൻ" എന്ന് ആഹ്വാനം ചെയ്തുകൊണ്ട് ദൈവത്തിൽ പ്രത്യാശയുള്ളവരായിരിക്കാൻ പഠിപ്പിച്ച പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

പരി. മാതാവേ, നിരാശയിലും ദുഃഖത്തിലുമുലയുന്ന വേളകളിൽ അങ്ങേ പ്രിയപുത്രനിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് മുന്നേറുവാൻ അങ്ങു ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ



# Spirituality Centre
## Programme

**Septemper**

| | | |
|---|---|---|
| 03 | - | Pro Sanctity Pearls (One day seminar) |
| 17-18 | - | School of Bible |
| 20-21 | - | Apostolic Sodales' Meeting |

**October**

| | | |
|---|---|---|
| 08 | - | Social Animators' Meeting |
| 15-16 | - | School of Bible |
| 18-19 | - | Apostolic Sodales' Meeting |

**November**

| | | |
|---|---|---|
| 12 | - | Social Animators' Meeting |
| 15-16 | - | Apostolic Sodales' Meeting |
| 19-20 | - | School of Bible |

പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

"അജപാലകനാം നീ വാഴും
ദൈവാലയ സങ്കേതത്തിൽ
നാഥാ, ഞങ്ങളുമണയുന്നു
തിരുരക്തത്താൽ നേടിയൊരീ
കുഞ്ഞാടുകളാം ഞങ്ങളിൽ നീ
കുരിശിൻ മുദ്ര പതിക്കണമേ"
(പള്ളിക്കൂദാശക്കാലം, ശനി റംശാ)

For private circulation only
പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്